ST. ANNS AUP
SCHOOL NILESHWAR

# VISION 2030

# ACADEMIC MASTER PLAN

## 2025-26

## ആമുഖം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ നീലേശ്വരം മുനിസിപ്പാലിറ്റിയിലുള്ള ഉൾനാടൻ പ്രദേശമായ പള്ളിക്കര എന്ന സ്ഥലത്താണ് സെന്റ് ആൻസ് എ.യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്.

അറുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂൾ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രകടനങ്ങൾ നടത്തി വരുന്നു. കല- കായിക പ്രവൃത്തി പരിചയ മേഖലകളിൽ ഉന്നത നിലവാരമുള്ള കുട്ടികളെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

ജീവിതവിജയത്തിനുതകുന്ന തരത്തിൽ പല മേഖലകളിലും നൽകാവുന്ന അറിവുകൾ പകർന്നു നൽകാൻ സ്കൂൾ അധികൃതർ ശ്രദ്ധിക്കുന്നുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി സ്കൂളിലെ കുട്ടികളുടെ എണ്ണം വർധിച്ചു വരുന്നത് ഇതിനുള്ള തെളിവുകളാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സമൂഹപങ്കാളിത്തത്തോടെ നടന്നു വരുന്നു.

# ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | ആമുഖം | |
| 2 | ലക്ഷ്യങ്ങൾ | |
| 3 | മലയാളം | |
| 4 | ഇംഗ്ലീഷ് | |
| 5 | സംസ്കൃതം | |
| 6 | ഉറുദു | |
| 7 | ഹിന്ദി | |
| 8 | സോഷ്യൽ സയൻസ് | |
| 9 | പരിസര പഠനം- ശാസ്ത്രം | |
| 10 | കണക്ക് | |
| 11 | ഭൗതികം | |
| 12 | സാമൂഹികം | |
| 13 | ടാലന്റ് ലാബ് | |
| 14 | ഉപസംഹാരം | |

# അവസ്ഥാവിശകലനം

## സ്കൂൾ അക്കാദമിക നിലവാരം

| കുട്ടികളുടെ എണ്ണം വിഭാഗം | പ്രീ- പ്രൈമറി | 1 | 2 | 3 | 4 | 5 | 6 | 7 | ആകെ |
|---|---|---|---|---|---|---|---|---|---|
| ആൺ | 40 | 35 | 23 | 41 | 30 | 82 | 60 | 50 | 361 |
| പെൺ | 25 | 33 | 24 | 30 | 23 | 71 | 79 | 70 | 355 |
| ആകെ | 65 | 68 | 47 | 71 | 53 | 153 | 139 | 120 | 716 |

## അധ്യാപകരുടെ എണ്ണം

Male - 4

Female - 21

Total - 25

Non Teaching - 1

B.Ed - 8

T.T.C - 13

Specialist - 3

Pre- Primary - 3

Computer - 1

Total - 29

## ലക്ഷ്യങ്ങൾ

- ❖ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- ❖ ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടിയിട്ടുള്ളതും നേടേണ്ടതുമായ ധാരണകളും ശേഷികളും മുൻകൂട്ടി തയ്യാറാക്കി രക്ഷകർത്താക്കളെ അറിയിക്കും.
- ❖ കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ജില്ലാ സംസ്ഥാന തലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
- ❖ എല്ലാ കുട്ടികൾക്കും മലയാളം , ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പു വരുത്തും.
- ❖ മികച്ച ശാരീരിക , മാനസിക , വൈകാരിക , ആരോഗ്യം ഉറപ്പാക്കും.
- ❖ സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കുവാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും.
- ❖ വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തും.
- ❖ സ്കൂൾ ക്യാമ്പസ് ഒരു പാഠപുസ്തകവുമായി വികസിപ്പിച്ചതിന്റെ ഭാഗമായി സ്കൂളിൽ ജൈവ വൈവിധ്യ ഉദ്യാനം തയ്യാറാക്കും.
- ❖ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പഠന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും.

## വെല്ലുവിളികൾ

കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിന് വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്ന രീതിയിൽ തയ്യാറാക്കുന്നതിനുള്ള പ്രയാസം.

- വിദ്യാഭ്യാസ രംഗത്തെ രണ്ടാം തലമുറ പ്രശ്നങ്ങളായ തുല്യത , ഗുണത എന്നിവ ഉറപ്പാക്കൽ.
- ഇവയെ അഭിമുഖീകരിക്കാൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തെയും, പഠന പരിസരത്തെയും മാറ്റിയെടുക്കൽ.
- രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.
- നാട്ടിൽ ലഭ്യമായ വൈദഗ്ദ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കൽ.

## കാഴ്ചപ്പാട്

സമൂഹത്തിന്റെ സക്രിയമായ പങ്കാളിത്തം എല്ലാ തലത്തിലും ഉറപ്പാക്കുന്നതിനായി പി.ടി.എ, സി.പി.ടി.എ , സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പൂർവ്വവിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക കൂട്ടായ്മകളും ശക്തിപ്പെടുത്തും.

## നേട്ടങ്ങൾ

- എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പുകൾ.
- പ്രവൃത്തി പരിചയ മേളയിലെ സംസ്ഥാനതല പങ്കാളിത്തം.
- വിവിധ ക്ലബുകളുടെ മികവാർന്ന പ്രവർത്തനങ്ങൾ.
- സ്കൂൾ പാർലമെന്റ്
- രചനകളിലെ സംസ്ഥാനതല പങ്കാളിത്തം (ഊർജ്ജസംരക്ഷണം - ഉപന്യാസം)
- കല- കായിക രംഗങ്ങളിലെ മികച്ച വിജയം.

## യു.പി.മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ഭാഷയുടെ അടിസ്ഥാന ശേഷിവികസനപ്രവ ർത്തനം സംഘടനം നടത്താനും പഠനത്തിന് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ,കവിത,യാത്രാ വിവരണം) അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺമാസം | മലയാളം അധ്യാപകർ | |
| 2.കുട്ടികളിൽ മികച്ച വായന ശീലം വളർത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്നവാർത്തകൾകുട്ടികളെക്കൊണ്ട്വായിപ്പിക്കു ന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടി കൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളംക്ലബ്ബ് | |
| | അതാത്മാസത്തെ പ്രധാനസംഭവങ്ങൾക്ലാസ്,സ്കൂൾ, ലൈബ്രറി.പുസ്തകങ്ങൾഎന്നിവയെ ആസ്പദമാക്കി ക്വിസ്മത്സരം നടത്തുന്നു. | വർഷത്തിൽമൂന്നു പ്രാവശ്യം | മലയാളംക്ലബ്ബ് | മലയാളംക്ലബ്ബ് |
| സാഹിത്യകൃതികളോടുംസാ ഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠി താക്കളുടെസർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർഎന്നി വരുമായുള്ള അഭിമുഖ സംഭാഷണവുംസംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളംഅധ്യാപകർ | പി.ടി.എ. |
| മലയാളംകമ്പ്യൂട്ടിങ് പരിജ്ഞാനംനേടിഎടു ക്കലുംസർഗ്ഗാത്മകശേ ഷി വളർത്തലും. | **ഇമാഗസിൻ**<br>മുഴുവൻകുട്ടികളെയുംമലയാളകമ്പ്യൂട്ടിങ്ങ്പരിശീ ലിപ്പിക്കുകയുംഇമാഗസിൻ പ്രസിദ്ധീകരിക്കുകയുംചെയ്യുന്നു. | രണ്ട് വർഷം | മലയാളം,ഐ.ടി. അധ്യാപകർ | മലയാളംക്ലബ്ബ് |
| | മുഴുവൻപഠിതാക്കളുടെയുംസർഗ്ഗാത്മകരചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാസികതയ്യാറാക്കുന്നു. | വർഷാവസാനം | മലയാളംഅധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്നവാർത്തകൾകുട്ടികളെകൊണ്ട്വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടി കൾക്ക് അവസരം നൽകുന്നു. | പ്രതിദിനം | മലയാളക്ലബ്ബ് | |
| | അതാത്ദിവസത്തെ പ്രധാനസംഭവങ്ങൾക്ലാസ്,സ്കൂൾ, ലൈബ്രറി,പുസ്തകങ്ങൾഎന്നിവയെ ആസ്പദമാക്കി ക്വിസ്മത്സരം നടത്തുന്നു. | വർഷത്തിൽമൂന്നു പ്രാവശ്യം | മലയാളംക്ലബ്ബ് | മലയാളംക്ലബ്ബ് |
| സാഹിത്യകൃതികളോടുംസാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെസർഗ്ഗശേഷി വളർത്തൽ. | **സംവാദം,മുഖാമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർഎന്നിവരുമായുള്ള അഭിമുഖ സംഭാഷണവുംസംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളംഅധ്യാപകർ | പി.ടി.എ. |
| മലയാളംകമ്പ്യൂട്ടിങ് പരിജ്ഞാനംനേടിപ്പിക്കലുംസർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-മാഗസിൻ**<br>മുഴുവൻകുട്ടികളെയുംമലയാളംകമ്പ്യൂട്ടിങ്പഠിപ്പിക്കുകയുംഇമാഗസിൻ പ്രസിദ്ധീകരിക്കുകയുംചെയ്യുന്നു. | രണ്ട് വർഷം | മലയാളം,ഐ.ടി. അധ്യാപകർ | മലയാളംക്ലബ്ബ് |
| | മുഴുവൻപഠിതാക്കളുടെയുംസർഗ്ഗാത്മകരചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻതയ്യാറാക്കുന്നു. | വർഷാവസാനം | മലയാളംഅധ്യാപകർ | |

# യു.പി.മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻഅവസരംനൽകുന്നു.<br>വിദഗ്ദരായനാടകകലാകാരന്മാരെയുംസാഹിത്യകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശിൽപശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ,സ്കൂൾ | പി.ടി.എ |
| 2.കുട്ടികളുടെഭാഷാ ശേഷി അവതരണ മികവ്. | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു.വായിച്ച പുസ്തകങ്ങളിൽ ഏറ്റവുംമികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ടവാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന് പിന്നീട് എല്ലാദിവസവും | ക്ലാസ്ലീഡർമാർ, സ്കൂൾലീഡർ,മലയാളംഅധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# Academic Master Plan – 2025-26

## English – U P Section

**Introductory Note**

This Academic Master Plan is a structured roadmap for the effective teaching-learning process of English for classes 5, 6, and 7. It is creatively designed to foster joyful learning, active participation, and holistic development through thematic activities, language enrichment tasks, and experiential learning.

The plan integrates textbook content with real-life contexts and provides space for individual expression, group collaboration, and reflective thinking. It encourages learners to develop communication skills, critical thinking, and confidence in English through reading, writing, listening, and speaking.

**General Objectives**

1. To develop a love for the English language through exposure to rich and age-appropriate literature.
2. To promote communicative competence in English through reading, writing, listening, and speaking activities.
3. To build vocabulary, sentence construction, and grammatical understanding in a meaningful context.
4. To foster creativity, imagination, and expression in learners through poems, stories, and project-based learning.
5. To create opportunities for collaborative learning, peer interaction, and experiential expression.

**Learning Objectives**

- Read and comprehend age-appropriate texts with fluency and understanding.
- Express thoughts and ideas clearly in oral and written forms.
- Write short paragraphs, letters, diary entries, and simple essays creatively.
- Engage in active listening and respond meaningfully.
- Apply grammar concepts in contextual use.
- Participate confidently in role-plays, storytelling, skit, debates and discussions.
- Appreciate literature , poems , stories and respond with emotional and intellectual engagement.

## Month-wise Academic Plan with Activities (June – March)

| Month | Activity | Time Duration | Goals achieved |
|---|---|---|---|
| June | Reading fluency games, Puppet Show, Colour Story Collage | 2 weeks | To initiate joyful reading and self-expression |
| July | Poetry Recitation, Shape Poems, Patriotic Bookmarks | 2 weeks | To develop appreciation for rhythm and poetic expression |
| August | Grammar Dice Game, Verb Magic Show, Collaborative Story | 3 weeks | To reinforce grammar through fun and application-based activities |
| September | Comprehension Test, Progress Chart, Story Library | 2 weeks | To evaluate and reflect on comprehension and reading progress |
| October | Role Reversal Writing, School Debate, News Reading | 3 weeks | To improve speaking confidence and argumentation skills |
| November | Letter Writing, Diary Entry, School Newsletter Content | 2 weeks | To encourage creative and functional writing |
| December | Poster Poems, Recorded Audio Drama, Story Booklet | 3 weeks | To integrate skills in a creative project format |
| January | 2-Minute Talks, Vocabulary Games, Interview a Teacher | 2 weeks | To boost listening & speaking fluency |
| February | Literacy Fest, Poetry Slam, Storytelling Contest | 3 weeks | To exhibit talents and celebrate language learning |
| March | Self-reflection, Portfolio Review, Oral & Written Tests | 2 weeks | To consolidate learning and encourage self-assessment |

**Suggested Supplementary Practices**

- Weekly English Club: storytelling, news reading, word games
- Monthly Language Log: vocabulary, poems, reflections
- Rotating Display Board Themes: environmental slogans, class story of the month, etc.

**Assessment Methods**

- Formative: Observation, activity performance, class participation
- Summative: Unit tests, assignments, projects, term exams
- Self & Peer Assessment: Reflection charts, oral feedback rounds

**Conclusion**

This creative and structured academic master plan aims to equip learners with the tools to use English meaningfully and joyfully. Through monthly themes, integrated activities, and skill-based objectives, the plan ensures that learners develop competence, confidence, and a love for language that extends beyond the classroom.

# സംസ്കൃതം

## അക്കാദമിക് മാസ്റ്റർപ്ലാൻ

### ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1. ഭാഷാ ജ്ഞാനം<br>• അക്ഷരം എഴുതൽ.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പദങ്ങൾ പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. വീട്ടിലെ പദകോശം.<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം.<br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ശേഷി.</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സമാകലനം നിർവഹണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# URDU UP

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|---|
| 1 | വായന 5,6,7 ക്ലാസിലെ ഉറുദുഭാഷ പഠിക്കുന്ന കുട്ടികൾക്ക് ഭാഷ അനായാസം കൈകാര്യം ചെയ്യാനായി.<br>വായനശേഷി കൈവരിക്കുന്നതിന്<br>സ്വതന്ത്ര വായന | ഉറുദുവിൽ വായനശേഷി കൈവരിക്കുന്നതിനായി വിവിധ സാമഗ്രികളുടെ സഹായത്തോടെ കുട്ടികളുടെ സഹായം മെച്ചപ്പെടുത്തുന്ന CWSN കുട്ടികൾക്ക് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ഉറുദുപദ കാർഡുകൾ വായന കാർഡ് കഥാപുസ്തകങ്ങൾ ചിത്രകാർഡുകൾ ചിത്ര വായന അക്ഷര കാർഡ് വായനാമത്സരം | ഉറുദു അധ്യാപിക പി ടി എ | 1000 | ജൂൺ 2025 മുതൽ മാർച്ച് 2026 വരെ |
| 2 | എഴുത്ത് - ഉറുദു ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കുവാനുള്ള ശേഷി നേടുന്നതിന്. | മുന്നറിവ് പരിശോധന നടത്തുന്നു. വാക്യങ്ങളിലൂടെ പദങ്ങളിലേക്കും പദങ്ങളിലൂടെ അക്ഷരങ്ങളിലേക്കും അക്ഷരങ്ങളിലൂടെ ഘടന മനസ്സിലാക്കി എഴുതാനുള്ള കഴിവും മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | പ്രീ ടെസ്റ്റ് നടത്താനുള്ള സാമഗ്രികൾ | ഉറുദു അധ്യാപിക | | ജൂൺ 2025 മുതൽ മാർച്ച് 2026 വരെ |

| | | | | | | |
|---|---|---|---|---|---|---|
| 3 | എഴുത്ത് | കയ്യെഴുത്ത് പരിശീലനത്തിനായി പാഠഭാഗം നോക്കി എഴുതുന്ന പ്രവർത്തനം, മാഗസിൻ നിർമ്മാണം കയ്യെഴുത്ത് മത്സരം. | നോക്കിയെഴുത്ത് ബുക്ക്, അക്ഷര കാർഡ്, പദകാർഡ് ,എ ഫോർ പേപ്പർ, ക്രയോൺസ്, ഐസിടി | ഉറുദു അധ്യാപിക | 500 | ജൂൺ 2025 മുതൽ മാർച്ച് 2026 വരെ |
| 4 | സർഗാത്മകത ശാരീരികവും മാനസികവുമായ ഉല്ലാസത്തോടെ അക്കാദമിക നേട്ടങ്ങൾ കൈവരിക്കുക<br><br>മത്സരങ്ങളിൽ അവസരം ലഭിക്കുക, പാടാനും എഴുതാനും വരയ്ക്കാനുമുള്ള അവസരങ്ങൾ ഉണ്ടാക്കുക. | ചിത്രരചന മത്സരം, പദനിർമ്മാണം, ക്വിസ് മത്സരം, പോസ്റ്റർ, കവിതാലാപനം എന്നീ പരിപാടികൾ ഓരോ ഇനങ്ങളായി സംഘടിപ്പിക്കുന്നു. എല്ലാ പരിപാടികളിലും CWSN കുട്ടികൾക്കും അവസരം നൽകുന്നു. | | ഉറുദു അധ്യാപിക | | ജൂൺ 2025 മുതൽ മാർച്ച് 2026 വരെ |

മേഖല : അക്കാദമികംഉപമേഖല : ഹിന്ദിഭാഷസ്കൂൾതലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരിഉപയോഗത്തിനെതിരെ അവബോധംസൃഷ്ടിക്കാൻപോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദിഅധ്യാപകർ,ഹിന്ദിക്ലബ് | ലഹരിഉപയോഗത്തിനെതിരെപ്രവർത്തിക്കാൻകുട്ടികളെതല്പരരാക്കുന്നു. |
| 2 | റോഡിലൂടെസഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ /സ്കൂൾവാഹനസഞ്ചാരംഅറിയേണ്ടകാര്യങ്ങൾ ,ട്രാഫിക്നിയമങ്ങൾഎന്നിവയെക്കുറിച്ചുള്ളഅറിവുകൾനൽകുന്നു. | ജൂൺ4 | 6,7 | ഹിന്ദിഅധ്യാപകർ, മറ്റുഭാഷാധ്യാപകർ,ഹിന്ദിക്ലബ് | റോഡിലൂടെസഞ്ചരിക്കുമ്പോൾശ്രദ്ധിക്കേണ്ടകാര്യങ്ങൾ /സ്കൂൾവാഹനസഞ്ചാരംഅറിയേണ്ടകാര്യങ്ങൾ ,ട്രാഫിക്നിയമങ്ങൾഎന്നിവയെക്കുറിച്ചുള്ളഅറിവുകൾഹിന്ദിഭാഷയിലൂടെനൽകുന്നു. പദസമ്പത്തുവർധിപ്പിക്കാൻഇതിലൂടെസാധിക്കുന്നു. |
| 3 | പരിസ്ഥിതിദിനം | ജൂൺ 5 | 6,7 | ഹിന്ദിഅധ്യാപകർ,ഹിന്ദിക്ലബ് | വ്യക്തിശുചിത്വം, പരിസരശുചിത്വം , ഹരിതക്യാമ്പസ് ,സ്കൂൾസൗന്ദര്യവൽക്കരണംഎന്നിവയുടെആവശ്യകതയെക്കുറിച്ചുമനസ്സിലാക്കുന്നു |
| 4 | വായനാദിനം,അഞ്ചാംക്ലാസ്സിലെ | ജൂൺ 19 | 5,6,7 | ഹിന്ദിഅധ്യാ | |

| | | | | | |
|---|---|---|---|---|---|
| | ഹിന്ദിക്ലബ്രൂപീകരണം | | | പകർ,ഹിന്ദിക്ലബ് | |
| 5 | ലഹരിവിരുദ്ധദിനം,ലഹരിഉപയോഗത്തിനെതിരെഅവബോധം സൃഷ്ടിക്കാൻകവിത | ജൂൺ26 | 5,6,7 | ഹിന്ദിഅധ്യാപകർ,ഹിന്ദിക്ലബ് | ലഹരിഉപയോഗത്തിനെതിരെപ്രവർത്തിക്കാൻകുട്ടികളെതല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ്ജയന്തി. | ജൂലൈ 31 | 5,6,7 | ഹിന്ദിഅധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചുഅറിയാനുംഹിന്ദിഭാഷയിൽരചനകൾസൃഷ്ടിക്കാൻതല്പരരാക്കാനുംജീവിതവിജയത്തിന്പ്രതിസന്ധികൾതടസ്സമല്ലെന്ന്ബോധ്യപ്പെടുത്താനുംകഴിയുന്നു. |
| 7 | കുട്ടികളെക്കൊണ്ട്ഹിന്ദിപത്രികതയ്യാറാക്കുക. | സെപ്റ്റംബർ14 | 5,6,7 | ഹിന്ദിഅധ്യാപകർ | ഹിന്ദിഭാഷയുടെപ്രാധാന്യവുംആവശ്യവുംമനസിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദിഅധ്യാപകർ, ക്ലാസ്സ്അധ്യാപകർ, മറ്റുഅധ്യാപകർ, PTA,രക്ഷിതാക്കൾ,ഹിന്ദിക്ലബ് | സ്കൂൾപരിസരംവൃത്തിയാക്കുന്നു. |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദിഅധ്യാപകർ,ഹിന്ദിക്ലബ് | ചാച്ചാജിയെക്കുറിച്ചുഅറിയാനുംദേശസ്നേഹംവർധിപ്പിക്കാനുംപ്രസംഗംഅവതരിപ്പിക്കുന്നതിലൂടെ |

| | | | | | |
|---|---|---|---|---|---|
| | | | | | ഭാഷയെവികസിപ്പിക്കാനുംസാധിക്കുന്നു |
| 10 | വിശ്വഹിന്ദിദിനം, പോസ്റ്റർനിർമാണം, പ്രസംഗം | ജനുവരി 10 | 5,6,7 | ഹിന്ദിഅധ്യാപകർ, ഹിന്ദിക്ലബ് | ഹിന്ദിഭാഷയിൽവാക് ചാതുരിലഭിക്കുന്നു |
| | | | | | |
| 11 | ഹിന്ദിനാടകോത്സവം<br>• കഥാവായന<br>• കഥാരചന<br>• അഭിനയപരിശീലനം<br>• ഹിന്ദിനാടകങ്ങൾകാണാനുള്ളഅവസരം<br>• വേദികളിൽഅവതരണത്തിന്അവസരം | 1വർഷം | 5,6,7 | ഹിന്ദിഅധ്യാപകർ, ക്ലാസ്സ്അധ്യാപകർ, മറ്റുഅധ്യാപകർ, PTA,രക്ഷിതാക്കൾ,ഹിന്ദിക്ലബ് | ഭാഷാജ്ഞാനംവർധിപ്പിക്കാൻസാധിക്കുന്നു |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനപര അറിവുകൾ, ആശയങ്ങൾ ഇവ പഠിതാവിലേക്ക് നേടിയെടുക്കൽ | **അങ്ങോട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനപര അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **മാർക്കപ്പ്**<br>അന്താരാഷ്ട്ര തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, [illegible] തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഹഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. [illegible] ക്ലബ്ബിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **കാവെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നു | **പുതുയുഗവാതിലിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ ബൗദ്ധികലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിർമിക്കണം കൊണ്ടെന്ന ശൈലിയിലുള്ള ചോദ്യാവലികൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അടിസ്ഥാന ശാസ്ത്രം UP

| | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | ജൈവവൈവിധ്യ പാർക്ക് നവീകരണം | ജൂൺ 5 | ഇക്കോ ക്ലബ്ബ്, സയൻസ് ക്ലബ്ബ് | 500 |
| 2 | ഫീൽഡ് ട്രിപ്പ് ( നഴ്സറി കാർഷിക ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവ) | അക്കാദമിക വർഷം | H.M, ടീച്ചേഴ്സ് | 1000 |
| 3 | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ജൂൺ 26 | സ്കൗട്ട് & ഗൈഡ്സ് , സയൻസ് ക്ലബ് | 500 |
| 4 | വർക്ക്ഷോപ്പുകൾ (സോപ്പ് നിർമ്മാണം, LED നിർമ്മാണം) | അക്കാദമിക വർഷം | PTA, HM , Teachers | 7000 |
| 5 | കൗമാരകാലത്തെ ആരോഗ്യശീലങ്ങൾ | നവംബർ / ഡിസംബർ | Teachers, H.M | 2000 |
| 6 | ശാസ്ത്രലാബ് നവീകരണം | അക്കാദമിക വർഷം | HM ,സയൻസ് ടീച്ചേഴ്സ് | 10000 |
| 7 | പരീക്ഷണ കളരി - (നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ക്ലാസുകൾ ആരംഭിക്കണം. പരീക്ഷണ കിറ്റുകൾ നിർമ്മിക്കണം. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കണം .) | അക്കാദമിക വർഷം | സയൻസ് ക്ലബ് സയൻസ് ടീച്ചേഴ്സ് | |

| | | | | |
|---|---|---|---|---|
| 8 | ശാസ്ത്രോത്സവം - ( വിവിധ പഠന ലക്ഷ്യങ്ങളുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ഉപകരണങ്ങളും അവർ കണ്ടെത്തിയ പരീക്ഷണങ്ങളും ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു) | അക്കാദമിക വർഷം | സയൻസ് ടീച്ചേഴ്സ് | 2000 |
| 9 | ശാസ്ത്ര വിസ്മയ ചുമർ - (ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഓരോ ക്ലാസിലും പ്രദർശിപ്പിക്കുന്നു.) | അക്കാദമിക വർഷം | സയൻസ് ടീച്ചേഴ്സ് | |
| 10 | മുഖാമുഖം - ( വിവിധ പാഠഭാഗങ്ങളിലെ പഠന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് അതാത് വിഷയങ്ങളിൽ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്നു) | അക്കാദമിക വർഷം | എച്ച് എം, സയൻസ് ടീച്ചേഴ്സ് | 1000 |
| 11 | വിസ്മയ യാത്ര - ( ICT യുടെ സഹായത്തോടെ പഠന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു .) | അക്കാദമിക വർഷം | സയൻസ് ടീച്ചേഴ്സ് | |
| 12 | വാനനിരീക്ഷണം - ക്യാമ്പ് ( വാനനിരീക്ഷണം നടത്തുന്ന വിധം ,വാന നിരീക്ഷണ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതെങ്ങനെ? എന്തെല്ലാം കാര്യങ്ങൾ നിരീക്ഷിക്കണം. തുടങ്ങി വാനനിരീക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു ) | ജൂലൈ / ഓഗസ്റ്റ് | HM , Science Teachers, PTA | 5000 |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, ഗെയിം ടിക്കറ്റ്, മുത്തുകൾ, ഫ്ലാഷ് കാർഡ്....... പ്രയോജനപ്പെടുത്തുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരകൗശല രീതികളിലൂടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കി ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുന്നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികാസം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# മലയാളം

## ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. സ്വതന്ത്ര വായന, പരസഹായമില്ലാതെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കൽ മറ്റ് ആക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കാനും തുടർ സാധ്യത യുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്.

| No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ്സ് പി ടി എ ഉറപ്പാക്കുക | പൂർണ്ണ പങ്കാളിത്ത ക്ലാസ്സ് പി ടി എ | ജൂൺ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| 2 | എല്ലാ കുട്ടികൾക്കും സ്വാതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക | സ്വതന്ത്രമായി ആശയങ്ങൾ അവതരിപ്പിക്കൽ | ജൂൺ മുതൽ ഡിസംബർ വരെ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | - |
| 3 | രക്ഷിതാവ് കുട്ടിക്ക് ഭാവത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്ന വയനോത്സവം സംഘടിപ്പിക്കുന്നു | വയനോത്സവം രക്ഷിതാവ് കുട്ടിയെ മടിയിലിരുത്തി കഥകൾ വായിച്ചു കൊടുക്കുന്നു | ജൂൺ മുതൽ ഡിസംബർ വരെ | ക്ലാസ്സ് ടീച്ചർ രക്ഷിതാവ് | S R G |
| 4 | വായിച്ചു കേട്ട കഥ | കഥാ വേള | ജൂൺ | ക്ലാസ്സ് ടീച്ചർ | - |

# ENGLISH

Aims to ensure every child achieves English fluency. The overarching goals for a first grader are to become fluent in English, progressing from small words to larger words,and to be able to read, write and speak the language. The plan emphasizes fostering a strong connection with the English language.

| No | Aim | Activity | Duration | Obligation | Expenses |
|---|---|---|---|---|---|
| 1 | Respond to simple classroom instructions | Introduce symbol words and provide picture cards | June | Class teacher | PTA |
| 2 | Orally describe pictures and objects | Identify, say, read and write familiar words | July | Class teacher Parents | PTA |
| 3 | Become familiar with simple words | Enjoy and sing songs with rhythm and action. Orally describe pictures and objects using adjectives | August | Class teacher | SRG |
| | | Read and write simple words and sentences, using picture and reading cards. | Septemb er | Class teacher Parents | PTA |
| 4 | Enjoy and sing songs with rhythm and action | Enjoy and sing songs with rhythm and action, and make albums including collecting pictures of animals and their young ones | Novemb er to January | Class teacher Parents | PTA |
| 5 | Respond and speak in English fluently | Speak English fluently, read and write simple sentences and engage in picture reading and descriptions | January to March | Class teacher Parents | PTA |

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റു പ്രവർത്തനങ്ങളിലും അവബോധം നേടുന്നതിനോടൊപ്പം ഗണിതത്തെ മുഖ്യധാരയിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടത് അത്യാവശ്യമാണ്. ഒന്നാം ക്ലാസ് മുതലേ ലളിതമായ പ്രവർത്തനങ്ങളിലൂടെ ഗണിതം രസകരവും ആസ്വാദ്യകരവുമാക്കാം. ഇതിനായി പാട്ടുകളും കളികളും ഉപയോഗിക്കാവുന്നതാണ്.

| No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും പഠിക്കുന്നു | * സംഖ്യകൾ തിരിച്ചറിയുകയും പറയുകയും ചെയ്യുന്നു<br>* സംഖ്യാ കാർഡുകൾ നിർമ്മിക്കുന്നു<br>* ഗണിത കിറ്റ് തയ്യാറാക്കുന്നു | ജൂൺ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | പിടിഎ |
| 2 | അഞ്ചുവരെയുള്ള സംഖ്യകളെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു | * ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു<br>* കൂടുതൽ കുറവ് എന്നിവ തിരിച്ചറിയുന്നു<br>* ഗണിതത്തിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനത്തിൽ ഏർപ്പെടുന്നു | ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | പിടിഎ |
| 3 | അഞ്ചുവരെ സംഖ്യകളെ വ്യാഖ്യാനിക്കുന്നു | * സംഖ്യാ ഗാനങ്ങൾ ആസ്വദിക്കുന്നു<br>* ഒരക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനക്രിയകൾ നടത്തുന്നു<br>* ഇരക്ക സംഖ്യകൾ തമ്മിലുള്ള വ്യവകലനക്രിയകൾ നടത്തുന്നു<br>* കുഞ്ഞിനോട് ഒന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടുമെന്ന് തിരിച്ചറിവ് നേടുന്നു<br>* സംഖ്യഗാനങ്ങൾ ആലപിക്കുന്നു | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | പിടിഎ |
| 4 | ഒരക്ക സംഖ്യകൾ എണ്ണുകയും | * ഒറ്റ സംഖ്യയും ഇരട്ടസംഖ്യയും തിരിച്ചറിയുന്നു | | | |

| | | | | | |
|---|---|---|---|---|---|
| | എഴുതുകയും വായിക്കുകയും ചെയ്യുന്നു | * ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യയും ഇരട്ടസംഖ്യയും എന്ന് മനസ്സിലാക്കുന്നു<br>* വലിയ സംഖ്യയും ചെറിയ സംഖ്യയും തിരിച്ചറിയുന്നു<br>* ഉല്ലാസ ഗണിത പ്രവർത്തനത്തിൽ ഏർപ്പെടുന്നു | ഒക്ടോബർ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | എസ് ആർ ജി |
| 5 | 0 9 താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയെ എത്ര എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ ലഭിക്കുമെന്ന് കണ്ടെത്തുന്നു | * സംഖ്യാ ഗാനങ്ങൾ പാടുകയും ശേഖരിക്കുകയും ചെയ്യുന്നു<br>* ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | നവംബർ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| 6 | സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു | * സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു<br>* ഗണിത ആൽബം തയ്യാറാക്കുന്നു | ഡിസംബർ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | പി ടി എ |
| 7 | രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം നടത്തുന്നു | * ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>*സങ്കലന വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു<br>*ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു | ജനുവരി | ക്ലാസ്സ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| 8 | രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം നടത്തുന്നു | *ഗണിത ആൽബം പി ടി എ യിൽ പ്രദർശിപ്പിക്കുന്നു<br>*പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ<br>രക്ഷിതാക്കൾ | പി ടി എ |
| 9 | ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് നേടുന്നു | * ഗണിതമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു<br>* ലളിതമായ ക്രിയകളിലേർപ്പെടുന്നു<br>* ഉല്ലാസ ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>*സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു. | മാർച്ച് | ക്ലാസ്സ് ടീച്ചർ | പി ടി എ |

## രണ്ടാം തരം

# മലയാളം

**ആമുഖം**

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം വൈജ്ഞാനിക മേഖല വൈകാരിക മേഖല എന്നിവയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

ലക്ഷ്യം

എല്ലാ കുട്ടികൾക്കും ആശയ ഗ്രഹണ വായന ഉറപ്പാക്കുക

വർഷാവസാനം സ്വതന്ത്ര ലേഖനത്തിൽ ഏർപ്പെടുന്നതിന്

സംഭാഷണം,ലഘു വിവരണം എന്നിവ തയ്യാറാക്കുന്നതിന്

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക. | ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.<br>സന്നദ്ധ പ്രവർത്തനങ്ങൾ<br>ക്ലാസ് ലൈബ്രറി<br>പ്രവർത്തനക്ഷമമാക്കൽ<br>വായിച്ച കഥയെ ചിത്രകഥയാക്കൽ | ജൂൺ | അധ്യാപിക |

| | | | | |
|---|---|---|---|---|
| | | സംഭാഷണം ആക്കൽ.<br>വായിച്ച കഥകൾക്ക് രണ്ടാവിഷ്കാരം നടത്തൽ | | |
| 2 | കുട്ടികളുടെ സർഗാത്മക പ്രവർത്തനത്തിന് വേദിയൊരുക്കുക. | യാത്രാവിവരണം ലേഖനം<br><br>പ്രകൃതി നടത്തം | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | അധ്യാപിക<br><br>രക്ഷിതാക്കൾ |
| 3 | പാട്ടുകൾ ഈണത്തിലും താളത്തിലും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുക | വായിച്ച പുസ്തകത്തിലെ ആശയം ഇഷ്ടമുള്ള രീതിയിൽ ആവിഷ്കാരം നടത്തുക,<br>പാട്ടരങ്ങ്,<br>വീട്ടു ലൈബ്രറി | | |
| 4 | രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിന് അനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | ചിത്രകാർഡ് നിർമ്മാണം<br>മേനി പറച്ചിൽ<br>ശില്പശാല<br>റോൾപ്ലേ<br>കഥ പൂർത്തിയാക്കാൻ | ജൂലൈ ആദ്യവാരം മുതൽ മാർച്ച് വരെ | അധ്യാപിക<br>സി പി ടി എ<br>പ്രധാന അധ്യാപിക |

# ഗണിതം

**ആമുഖം**

ഗണിത പഠനം രസകരവും ആസ്വാദ്യകരവും ആയി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ടാണ് ഉല്ലാസ ഗണിത പദ്ധതി മുന്നോട്ടുവന്നത്.ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയം ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

ലക്ഷ്യം

ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മുഴുവൻ പഠന നേട്ടം ഉറപ്പുവരുത്തുക.

സി ഡബ്ലിയു എസ് എൻ കുട്ടികളെയും എല്ലാ പഠനപ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുക.

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ തൊട്ടുപ്പുറത്തുള്ള സംഖ്യയും ഒന്ന് കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ | പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ | ജൂൺ | അധ്യാപിക |
| 2 | ഒരു കൂട്ടം വസ്തുക്കളോട് മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ | കമ്പുകെട്ട് ടോക്കൺ എന്നിവ ഉപയോഗിച്ച് എണ്ണൽ | ജൂലൈ | അധ്യാപിക<br><br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 3 | ഓരോ സംഖ്യയും പ്രായോഗിക ഗണിതലത്തിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ | ഓരോ സംഖ്യയും പ്രായോഗിക ഗണിതലത്തിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ കമ്പ് കെട്ട് ഇല പൂവ് ഇവ ഉപയോഗിച്ച് പ്രായോഗ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു | ആഗസ്റ്റ് | അധ്യാപിക |
| 4 | വില വിവരപ്പട്ടിക തയ്യാറാക്കൽ ക്ലാസിൽ ഒരു കട | കളിപ്പാട്ടങ്ങളും മറ്റ് സാധനങ്ങളും ഉപയോഗിച്ച് കട നടത്തുന്നു. | ഒക്ടോബർ | അധ്യാപിക |
| 5 | സ്ഥാന വില തിരിച്ചറിയുന്നതിന് | അബാക്കസ് ഉപയോഗിക്കുന്നു | നവംബർ | അധ്യാപിക |
| 6 | നോട്ടുകളും നാണയങ്ങളും തിരിച്ചറിയാം | കളി നോട്ടുകൾ വെച്ച് പ്രവർത്തനം ചെയ്യുന്നു | ഡിസംബർ | അധ്യാപിക |
| 7 | സംഖ്യാ വ്യാഖ്യാനം | വ്യാഖ്യാന പാത്രം ഉപയോഗിച്ച് ആശയം ഉറപ്പാക്കുന്നു | ജനുവരി | അധ്യാപിക |

## പരിസര പഠനം

**ആമുഖം**

രണ്ടാം ക്ലാസിലെ കുട്ടികൾക്ക് തങ്ങളുടെ ചുറ്റുപാടിനെ കുറിച്ചുള്ള ആദ്യ അറിവുകൾ ലഭിക്കുന്ന സമയമാണ്.അതിനാൽ കുട്ടികളിൽ ജിജ്ഞാസ ഉണർത്തുന്ന പഠനരീതി ആക്കുകയാണ് ലക്ഷ്യം.ഇതിലൂടെ കുട്ടികൾക്ക് ചിന്തിക്കാൻ ,കാണാൻ ,ചോദിക്കാൻ അനുഭവിക്കാൻ ,അവസരം ലഭിക്കുന്നു.അതുവഴി അവർക്ക് തങ്ങളുടെ ലോകത്തെ മനസ്സിലാക്കാൻ ഒരു നല്ല തുടക്കമാകുന്നു.

**ലക്ഷ്യം**

കുട്ടികളിൽ ചുറ്റുപാടിനെ കുറിച്ചുള്ള ജിജ്ഞാസ വളർത്തുക.
കുട്ടികളുടെ നിരീക്ഷണ ശേഷിയും ചിന്താശേഷിയും വളർത്തുക
ചുറ്റുപാടുമായി സൗഹൃദപരമായ ബന്ധം സ്ഥാപിക്കാൻ പഠിപ്പിക്കുക.

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | നിരീക്ഷണത്തിലൂടെയും അനുഭവത്തിലൂടെയും ചുറ്റുമുള്ള ജലസ്രോതസ്സുകൾ തിരിച്ചറിയുന്നു | പ്രകൃതി നടത്തം-സ്കൂളിന് ചുറ്റുമുള്ള ജലസ്രോതസ്സുകൾ പരിചയപ്പെടുന്നു<br>പോസ്റ്റർ നിർമ്മാണം-ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് വേണ്ടി പോസ്റ്റർ തയ്യാറാക്കുന്നു. | ജൂൺ<br>ജൂലൈ | അധ്യാപിക |

| | | | | |
|---|---|---|---|---|
| | | ജലവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | | |
| 2 | നാട് അറിയാൻ-നാട്ടറിവുകൾ | അഭിമുഖം- കർഷകരുമായി അഭിമുഖം പഴയകാല കൃഷി ഉപകരണങ്ങൾ പരിചയപ്പെടുന്നു. | സെപ്റ്റംബർ | അധ്യാപിക രക്ഷിതാക്കൾ |
| 3 | ദേശീയ പതാക നിരീക്ഷിച്ച് പ്രത്യേകതകൾ തിരിച്ചറിയുന്നു | പതാക നിർമ്മാണം- പതാക നിർമ്മിച്ച് പതാകയുടെ ഘടന തിരിച്ചറിയുന്നു | സെപ്റ്റംബർ | അധ്യാപിക |
| 4 | വ്യത്യസ്തമായ ചേരുവകൾ ചേർത്ത് രുചികരമായ വിഭവങ്ങൾ തയ്യാറാക്കുക | ഫ്രൂട്ട് സാലഡ് തയ്യാറാക്കൽ അഭിമുഖം-രപാകൃതമായി | ഒക്ടോബർ | അധ്യാപിക |
| 5 | ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ ബോധവൽക്കരണ ക്ലാസുകൾ പോസ്റ്റ് രചന മത്സരം | നവംബർ ഡിസംബർ ജനുവരി | അധ്യാപിക പ്രധാനാധ്യാപിക |

# English

## Introduction

It aims to help grade two students learn English in a fun and easy way. It will help children read simple stories, write small sentences, speak clearly and listen carefully. This carefully structured plan ensures a smooth transition from early learning to more advanced language use, helping students become effective communicative and lifelong learners.

## Aims

Become familiar with simple words
Orally describe pictures and object
Describe objects in sentences
Conversation

| | Objectives | Activities | Periods | |
|---|---|---|---|---|
| 1 | To develop the creative speaking and writing | Introduce symbol words and provide picture cards<br>Picture descriptions<br>Wordweb<br>Word wall creation | June<br>July | Teacher |
| 2 | To develop vocabulary and sentence making skills through regular practices | Alphabet revision with phonics song<br>Rhyming words activity | August | Teacher |

| | | | | |
|---|---|---|---|---|
| | | Story time<br>Vocabulary building games (picture match with flash cards) | September | Parents |
| 3 | To promote communication skills | Role play<br>Practice simple conversation<br>Listening to short audio stories<br>Word of the weak board | October<br>November | Teacher |
| 4 | To support each child learning pace and make sure all children can participate | Making simple sentences with cards<br>Action word charades<br>Write a post card to a friend<br>Story starters.eg: one day, I saw….. | December<br>January | |
| 5 | To promote teamwork and communication through pair and group activities | One day English camp<br>Class magazine<br>Group story writing<br>Picture dictionary projects | February<br>March | Teacher<br>Parents<br>Headmistress |

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത്, സ്വന്തം കഴിവുകളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. കുട്ടികളിലെ വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് അവരെ മുന്നിരയിൽ എത്തിക്കുക, പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

2025-26 അധ്യയന വർഷത്തിൽ മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിയും, പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പ്രോത്സാഹനം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പരിപാടികൾക്ക് പ്രോത്സാഹനം നൽകിയിട്ടുണ്ട്. കുട്ടികളിലെ വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് പഠന വിടവുകൾ നികത്തി അവരെ മുന്നോട്ട് കൊണ്ടുവരിക എന്നതും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കാനും, ഒപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

ഈ വർഷം, 2025-26 അധ്യയന വർഷത്തിൽ, ഞങ്ങളുടെ വിദ്യാലയത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അദ്ധ്യാപകരെ കൂടി പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തി, കുട്ടികൾക്ക് കൂടുതൽ വ്യക്തിഗതവും നൂതനവുമായ പഠനാനുഭവങ്ങൾ നൽകാനും, ഭാവി ലോകത്തിനായി അവരെ സജ്ജരാക്കാനും ഇത് സഹായിക്കും.

## പദ്ധതി ലക്ഷ്യങ്ങൾ

2025-26 അധ്യയന വർഷത്തിൽ മൂന്നാം ക്ലാസിലെ **മുഴുവൻ കുട്ടികളെയും** ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. താഴെ പറയുന്ന പ്രധാന ലക്ഷ്യങ്ങളാണ് ഞങ്ങൾ മുന്നോട്ട് വെക്കുന്നത്.

- **പഠന നിലവാരം ഉയർത്തുക:** പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് ആവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകി അവരെ ഉയർന്ന പഠന നിലവാരത്തിലേക്ക് എത്തിക്കുക.
- **പഠന വിടവുകൾ നികത്തുക:** കോവിഡിന് ശേഷം കുട്ടികളിലുണ്ടായ പഠന വിടവുകൾ തിരിച്ചറിഞ്ഞ്, അവ നികത്തിക്കൊണ്ട് ഓരോ കുട്ടിയുടെയും സമഗ്രമായ പുരോഗതി ഉറപ്പാക്കുക.
- **ശിശു സൗഹൃദ പഠനം:** പഠനപ്രവർത്തനങ്ങൾ കുട്ടികൾക്ക് കൂടുതൽ ആസ്വാദ്യകരവും ശിശുസൗഹൃദപരവുമാക്കുക. കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പഠനം രസകരമാക്കാൻ ഞങ്ങൾ പ്രാധാന്യം നൽകുന്നു.
- **രക്ഷിതാക്കളുടെ പങ്കാളിത്തം:** കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക. വിദ്യാലയവും രക്ഷിതാക്കളും കൈകോർത്ത് പ്രവർത്തിക്കുമ്പോൾ മാത്രമേ കുട്ടികളുടെ വളർച്ച പൂർണ്ണമാകൂ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.
- **ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം: 2025-26 അധ്യയന വർഷം മുതൽ ഞങ്ങളുടെ വിദ്യാലയത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അദ്ധ്യാപകരെയും പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ട്.** സാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തി, ഓരോ കുട്ടിക്കും അവരുടെ താൽപ്പര്യങ്ങൾക്കും പഠന നിലവാരത്തിനും അനുസരിച്ചുള്ള **വ്യക്തിഗത പഠനാനുഭവങ്ങൾ (Personalized Learning)** നൽകാൻ ഇത് സഹായിക്കും. AI അദ്ധ്യാപകരുടെ സഹായത്തോടെ കുട്ടികൾക്ക് കൂടുതൽ **സംവേദനാത്മകമായ (Interactive)** പഠന രീതികളും പുതിയ ആശയങ്ങളും പരിചയപ്പെടാൻ സാധിക്കും. ഭാവി ലോകത്തിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നേടാനും, പ്രശ്നപരിഹാര ശേഷി വർദ്ധിപ്പിക്കാനും ഇത് അവരെ പ്രാപ്തരാക്കും.

## കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

ഓരോ വിദ്യാർത്ഥിക്കും സന്തോഷകരവും അർത്ഥവത്തുമായ പഠനാനുഭവം നൽകുന്നതിലൂടെ അവരുടെ സർഗ്ഗാത്മകവും ബൗദ്ധികവുമായ കഴിവുകൾ പൂർണ്ണമായി വികസിപ്പിക്കുക എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. അറിവ് നേടുന്നതിനോടൊപ്പം, സാമൂഹിക പ്രതിബദ്ധതയുള്ള നല്ല വ്യക്തികളായി അവരെ വളർത്താനും ഞങ്ങൾ ലക്ഷ്യമിടുന്നു.

- ഞങ്ങളുടെ കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിന്, താഴെ പറയുന്ന ലക്ഷ്യങ്ങൾ ഞങ്ങൾ മുന്നോട്ട് വെക്കുന്നു:
- **ആസ്വാദ്യകരമായ പഠനാന്തരീക്ഷം:** വിദ്യാലയവും പഠനപ്രവർത്തനങ്ങളും ഓരോ വിദ്യാർത്ഥിക്കും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു. പഠനം ഒരു ഭാരമാകാതെ, കൗതുകമുണർത്തുന്ന ഒന്നാക്കി മാറ്റാൻ ഞങ്ങൾ ശ്രമിക്കുന്നു.
- **കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം:** വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളുടെ **പൂർണ്ണ പങ്കാളിത്തം** ഉറപ്പാക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. ഇത് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും നേതൃത്വഗുണങ്ങൾ വളർത്താനും സഹായിക്കും.

- **സമഗ്ര വികസനം:** ക്ലാസ്സും പഠനപ്രവർത്തനങ്ങൾക്ക് പുറമെ, **കലാ, കായിക, പ്രവൃത്തി പരിചയ** പഠനങ്ങളിൽ വിദ്യാർത്ഥികൾക്ക് സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു. ഇത് അവരുടെ സമഗ്രമായ വികസനം ഉറപ്പാക്കുന്നു.
- **വിഭവങ്ങളുടെ പരമാവധി ഉപയോഗം:** വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ **ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ** തുടങ്ങിയവയിലെ ഉപകരണങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. ആധുനിക പഠനരീതികൾക്ക് ഇത് അത്യന്താപേക്ഷിതമാണ്.
- **സുസ്ഥിര വികസനം:** സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങളായ **കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം** എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും, വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെയും ഉപയോഗപ്രദമാക്കുകയും ചെയ്യുന്നു. ഇത് സാമൂഹിക ഉത്തരവാദിത്തം വളർത്താൻ സഹായിക്കും.
- **അധ്യാപക ശാക്തീകരണം:** ഓരോ അധ്യാപികയും **ആധുനിക സാങ്കേതികവിദ്യയുടെ** കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു. ഇത് ഏറ്റവും പുതിയ പഠനരീതികൾ ക്ലാസ്സ്മുറികളിൽ എത്തുന്നു എന്ന് ഉറപ്പാക്കുന്നു.
- **ഊഷ്മളമായ ബന്ധങ്ങൾ:** വിദ്യാർത്ഥികളും തമ്മിലും, വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും, അധ്യാപകരും തമ്മിലും, അധ്യാപകരും സമൂഹവും തമ്മിലും **ഊഷ്മളമായ ബന്ധങ്ങൾ** ഉണ്ടാകാനുതകുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു. ആരോഗ്യകരമായ സാമൂഹിക അന്തരീക്ഷം പഠനത്തിന് അത്യന്താപേക്ഷിതമാണ്.
- **വ്യക്തിഗത ശ്രദ്ധ:** ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ കാര്യക്രമം സജ്ജമാക്കുന്നു. ഓരോ കുട്ടിയുടെയും കഴിവുകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ചുള്ള പിന്തുണ നൽകുന്നു.
- **സമത്വവും ഉൾക്കൊള്ളലും:** പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു. എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ നൽകുന്നു.
- **സാങ്കേതികവിദ്യയുടെ സമന്വയം:** പഠനപ്രവർത്തനങ്ങളിൽ **ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധ്യാപകരുടെ** സേവനം പ്രയോജനപ്പെടുത്തി, വിദ്യാർത്ഥികൾക്ക് കൂടുതൽ **വ്യക്തിഗതവും സംവേദനാത്മകവുമായ** പഠനാനുഭവങ്ങൾ നൽകുന്നു. ഇത് ഭാവി ലോകത്തിനായി അവരെ സജ്ജമാക്കുന്നു.

# സെന്റ് ആൻസ് എ യു പി സ്കൂൾ നീലേശ്വരം

## ക്ലാസ്സ് തല അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

**ക്ലാസ്സ് - 3**

മേഖല : വൈജ്ഞാനികം , ശാരീരിക ചാലകം , വൈകാരികം , ഭാഷാപരം , സർഗ്ഗാത്മകം, ഉൾച്ചേർക്കൽ വിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | പ്രവർത്തനം | | കാലയളവ് | ചുമതല / പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരം , സർഗ്ഗാത്മകം, വൈജ്ഞാനികം, ശാരീരിക ചാലകം | **1. പിന്നാക്കാവസ്ഥ പരിഹരിക്കൽ** | | ജൂൺ-മാർച്ച് | അധ്യാപകർ, BRC, PTA |
| | | 1 | കുട്ടികളിൽ വികസിപ്പിക്കേണ്ട പൊതുധാരണകൾ 03/06/2025 മുതൽ 13/06/2025 | | |
| | | 1.2 | മലയാളത്തിളക്കം പ്രവർത്തനങ്ങൾ ആരംഭം - 16 .06.25 | | |
| | | 1.3 | **PEARL** –: Participate, Explore, Act, Reflect and Learn – പ്രവർത്തനങ്ങളുടെ ആരംഭം - 16 .06.2025 | | |
| | | 1.4 | "ഗണിതം മധുരം" പ്രവർത്തനങ്ങളുടെ ആരംഭം - 16 .06.2025<br>- കണക്കുപെട്ടി തയാറാക്കൽ- തോരണം നിർമാണം | | |
| | | 1.5 | "ശാസ്ത്ര കൗതുകം" പ്രവർത്തനങ്ങളുടെ ആരംഭം - 16 .06.2025 | | |
| | | 1.6 | "ഹലോ ടീച്ചർ" പ്രവർത്തനങ്ങളുടെ ആരംഭം - 02 .06.2025 | | |
| 2. | ഭാഷാപരം , സർഗ്ഗാത്മകം, വൈജ്ഞാനികം, ശാരീരിക ചാലകം | **2. കുട്ടികളെ മികച്ച വായനക്കാരാക്കുക** | | ജൂൺ - ഒക്ടോബർ | അധ്യാപകർ, BRC, DIET , SCERT, PTA |
| | | 2.1 | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ 20.06.25 | | |
| | | 2.2 | വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | |
| | | 2.3 | സ്കൂൾ ലൈബ്രറി സ്കൂൾ നവീകരിക്കൽ | | |
| | | 2.4 | സമീപ ഗ്രന്ഥശാല അംഗത്വം | | |
| | | 2.5 | വായനോത്സവം സംഘടിപ്പിക്കൽ | | |
| | | 2.6 | പത്രവായന | ജൂൺ - മാർച്ച് | അധ്യാപകർ, BRC, PTA |
| | | 2.7 | അമ്മ വായന | | |
| | | 2.8 | പുസ്തകചർച്ച | | |

| | | | | | |
|---|---|---|---|---|---|
| | | 2.9 | വായനാനുഭവം പങ്കുവയ്ക്കൽ | | |
| | | 2.10 | ക്ലാസ്സ് ബാലസഭ (ആഴ്ചയിൽ) | | |
| | | 2.11 | വായനാക്കുറിപ്പ് പതിപ്പ് | മാർച്ച് | |
| | | 2.12 | **PEARL** – Read and Rejoice Activities | | |
| | | 2.13 | "ശാസ്ത്ര കൗതുകം" വനം സന്ദർശിക്കൽ, മഴവെള്ള സംഭരണി നിർമ്മാണം, ചിത്രശലഭോദ്യാനം നിർമ്മാണം | ജൂൺ | |
| 3. | ഭാഷാപരം , സർഗ്ഗാത്മകം, വൈജ്ഞാനികം | | **3. വിശിഷ്ട വ്യക്തികളെ അറിയാം** | ജൂൺ | അധ്യാപകർ |
| | | 3.1 | കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം. | | |
| | | 3.2 | പുസ്തക ശേഖരണവും പ്രദർശനവും. | ജൂൺ - ഡിസംബർ | അധ്യാപകർ |
| | | 3.3 | ചിത്ര ഗ്യാലറി . | ജനുവരി | അധ്യാപകർ, ക്ലബ്ബുകൾ |
| | | 3.4 | "ശാസ്ത്ര കൗതുകം" - ശാസ്ത്രജ്ഞരെ പരിചയപ്പെടാം | ജൂൺ - മാർച്ച് | അധ്യാപകർ |
| | | 3.5 | "**PEARL**" – ഇംഗ്ലീഷ് സാഹിത്യകാരന്മാരെ പരിചയപ്പെടാം | ജൂൺ - മാർച്ച് | അധ്യാപകർ |
| | | 3.6 | "ശാസ്ത്ര കൗതുകം" - "ജന്തു ലോക വിസ്മയം" പ്രദർശനം | ജൂലായ് | അധ്യാപകർ |
| 4. | ഭാഷാപരം , സർഗ്ഗാത്മകം, വൈജ്ഞാനികം, ശാരീരിക ചാലകം | | **4. മറ്റ് സാധ്യതകൾ** | | |
| | | 4.1 | പൊതുസമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം | നവംബർ | അധ്യാപകർ |
| | | 4.2 | "**PEARL**" , "മധുരം മലയാളം" - വായന കളരി | എല്ലാ ആഴ്ചയിലും | അധ്യാപകർ , സ്കൂൾ ലൈബ്രറി |
| | | 4.3 | കഥാമൃതം - നാട്ടുകഥകളുടെ ലോകത്തേക്ക് - "മധുരം മലയാളം" | ജൂലായ് | അധ്യാപകർ |
| | | 4.5 | "**PEARL**" - പ്രവർത്തന പാക്കേജിന്റെ ഭാഗമായുള്ള ക്യാമ്പ് | സെപ്റ്റംബർ | അധ്യാപകർ |
| | | 4.6 | "ഗണിതം മധുരം" - ഗണിതമേള | ആഗസ്റ്റ് | അധ്യാപകർ |
| | | 4.7 | "ഗണിതം മധുരം" - ഗണിതക്യാമ്പ് | ഫെബ്രുവരി | അധ്യാപകർ |
| | | 4.8 | "ശാസ്ത്ര കൗതുകം" കളിമൺ പാത്ര / ശില്പ രൂപ നിർമ്മാണശാല സന്ദർശനം | ആഗസ്റ്റ് | അധ്യാപകർ , പി ടി എ |
| | | 4.9 | പച്ചിലത്തുമ്പികൾ - "ശാസ്ത്ര കൗതുകം" | ജൂൺ | അധ്യാപകർ |

# <u>മലയാളം- മധുരം മലയാളം പ്രവർത്തനങ്ങൾ</u>

## പദ്ധതിയുടെ വിശമായ വിവരണം:

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തു കാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം. 2023 -24 അധ്യയന വർഷം മൂന്നാം തരം ഏറ്റെടുക്കുന്ന ഒരു പ്രോജക്ട്.

**<u>ലക്ഷ്യങ്ങൾ</u>**

- എല്ലാവർക്കും എഴുത്തും വായനയും.
- വായനക്കൂട്ടം, എഴുത്ത് കൂട്ടം ആരംഭിക്കൽ
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത എന്നിവ സജീകരിക്കൽ

## ഘട്ടം 1: ഭാഷാപരമായ പിന്നാക്കം പരിഹരിക്കൽ

കുട്ടികളിലെ ഭാഷാപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി ജൂൺ-ജൂലൈ മാസങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഈ പ്രവർത്തനങ്ങൾ വിദ്യാലയ അധ്യാപകർ, BRC (Block Resource Centre), DIET (District Institute of Education and Training), SCERT (State Council of Educational Research and Training) എന്നിവരുടെ സഹകരണത്തോടെയും PTA (Parent Teacher Association) യുടെ പിന്തുണയോടെയും നടപ്പിലാക്കും.

### 1.2 ഘട്ടം: മലയാളത്തിളക്കം

മലയാളത്തിളക്കം എന്നത് പ്രാഥമിക ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ഭാഷാപഠന നിലവാരം ഉയർത്തുന്നതിനുള്ള ഒരു സവിശേഷ പദ്ധതിയാണ്. ഈ പദ്ധതി താഴെപ്പറയുന്ന ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നു:

- **മലയാളത്തിൽ തിളക്കം നഷ്ടപ്പെട്ടവർക്ക് അത് വീണ്ടെടുക്കാനും മലയാളത്തിൽ കൂടുതൽ തിളങ്ങാനും അവരെ സഹായിക്കുക.**
- **എല്ലാ കുട്ടികളെയും മലയാളത്തിളക്കത്തിലൂടെ മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കുക.**
- **ഭാഷയിൽ ലയിച്ചും ആസ്വദിച്ചും ആത്മവിശ്വാസത്തോടെ മുന്നേറുന്ന കുട്ടികളും സർഗ്ഗാത്മകതയും ഭാവനയും സമർപ്പിതചിന്തയും അന്വേഷണാത്മകതയും ഉള്ള അധ്യാപകരും ഉൾപ്പെടുന്നതും പ്രചോദനാത്മകവും പ്രോത്സാഹജനകവുമായ അന്തരീക്ഷത്തിന്റെ പ്രസരിപ്പുള്ളതുമായ ഭാഷാ ക്ലാസുകൾ സൃഷ്ടിക്കുക.**

ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി, മലയാളത്തിളക്കം പദ്ധതി താഴെപ്പറയുന്ന സവിശേഷതകൾ ഉൾക്കൊള്ളുന്നു:

- **പഠനാനുഭവങ്ങളുടെ വൈവിധ്യവത്ക്കരണം:** കളികൾ, ഗാനങ്ങൾ, കഥകൾ, നാടകം, ചിത്രകല തുടങ്ങിയ വിവിധ രീതികളിലൂടെ ഭാഷാ പഠനം കൂടുതൽ രസകരവും ഫലപ്രദവുമാക്കുന്നു.
- **ഐടി സാങ്കേതികവിദ്യ പ്രശ്ന പരിഹരണത്തിന് ഉപയോഗിക്കൽ:** ഭാഷാപഠനം കൂടുതൽ സംവദനാത്മകവും ആകർഷകവുമാക്കുന്നതിനായി ഡിജിറ്റൽ ഉപകരണങ്ങളും സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നു.
- **പഠനവേഗത പരിഗണിച്ച് പ്രവർത്തിക്കൽ:** ഓരോ വിദ്യാർത്ഥിയുടെയും പഠനവേഗതയും പഠനശൈലിയും പരിഗണിച്ച് പഠന പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യുന്നു.
- **തത്സമയ പിന്തുണ:** വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിൽ താൽപ്പര്യമുള്ളവർക്ക് തത്സമയ പിന്തുണയും സഹായവും ലഭ്യമാക്കുന്നു.

മലയാളത്തിളക്കം പദ്ധതി നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. പുതിയ പഠനരീതികളും സാങ്കേതികവിദ്യകളും ഉൾപ്പെടുത്തി ഈ പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിനായി നിരന്തരം പരിശ്രമങ്ങൾ നടക്കുന്നു. ഈ ഘട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് അധ്യാപകർ, PTA, SCERT, DIET, BRC എന്നിവരുടെ സഹകരണം ആവശ്യമാണ്.

## ഘട്ടം 2: കുട്ടികളെ മികച്ച വായനക്കാരാക്കുക

വിദ്യാർത്ഥികളെ മികച്ച വായനക്കാരാക്കി മാറ്റുന്നതിനും വായനയോടുള്ള താൽപര്യം വളർത്തുന്നതിനുമായി വിവിധ പരിപാടികൾ ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**2. കുട്ടികളെ മികച്ച വായനക്കാരാക്കുക**

- **2.1 ക്ലാസ് വായനക്കൂട്ടം രൂപീകരണം (ജൂൺ - ഒക്ടോബർ):** ഓരോ ക്ലാസിലും വായനയിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വായനക്കൂട്ടങ്ങൾ രൂപീകരിക്കും. ഈ വായനക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾക്ക് അധ്യാപകർ, BRC, DIET, SCERT, PTA എന്നിവർ മാർഗ്ഗനിർദേശം നൽകും.
- **2.2 വായനാ മൂലം ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ:** വായനക്കൂട്ടങ്ങളിലൂടെ ശേഖരിക്കുന്ന പുസ്തകങ്ങൾ ഉപയോഗിച്ച് ക്ലാസിൽ ഒരു ചെറിയ ലൈബ്രറി സ്ഥാപിക്കും.
- **2.3 സ്കൂൾ ലൈബ്രറി നവീകരണം:** നിലവിലുള്ള സ്കൂൾ ലൈബ്രറിയുടെ പുസ്തക ശേഖരം പുതുക്കുകയും വായനയ്ക്ക് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുകയും ചെയ്യും.
- **2.4 സമീപ ഗ്രന്ഥശാല അംഗത്വം:** വിദ്യാർത്ഥികളെ അവരുടെ വീടുകളുടെ സമീപത്തുള്ള പൊതു ഗ്രന്ഥശാലകളിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.
- **2.5 വായനോത്സവം സംഘടിപ്പിക്കൽ:** വായനയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു വായനോത്സവം സംഘടിപ്പിക്കും.
- **2.6 പത്രവായന (ജൂൺ - മാർച്ച്):** ക്ലാസ്സുകളിൽ ദിനപത്ര വായന പ്രോത്സാഹിപ്പിക്കും. അധ്യാപകരുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾ ക്രമമായി പത്രം വായിക്കുകയും വാർത്തകൾ ചർച്ച ചെയ്യുകയും ചെയ്യും. (അധ്യാപകർ, BRC, PTA)
- **2.7 അമ്മ വായന:** അമ്മമാരെ കുട്ടികൾക്ക് വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കും. ഇതിലൂടെ വീട്ടിലും വായനയുടെ അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഉള്ളത്.
- **2.8 പുസ്തക ചർച്ച:** വായനക്കൂട്ടങ്ങളിലൂടെ വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സംഘടിപ്പിക്കും. ഇതിലൂടെ വിദ്യാർത്ഥികൾ തങ്ങളുടെ വായനാനുഭവങ്ങൾ പങ്കുവയ്ക്കാനുള്ള അവസരം ലഭിക്കും.
- **2.9 വായനാനുഭവം പങ്കിടൽ:** വിദ്യാർത്ഥികൾ വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള അവരുടെ അനുഭവങ്ങൾ ചിത്രരചന, കവിതാരചന, കഥപറയൽ തുടങ്ങിയ രീതികളിലൂടെ പങ്കുവയ്ക്കാൻ പ്രോത്സാഹിപ്പിക്കും.
- **2.10 ക്ലാസ്സ് ബാലസഭ (ആഴ്ചയിൽ ഒരിക്കൽ):** ഓരോ ആഴ്ചയിലും ക്ലാസ്സ് തലത്തിൽ ഒരു ബാലസഭ സംഘടിപ്പിക്കും. ഈ ബാലസഭയിൽ വായനയുമായി ബന്ധപ്പെട്ട വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്നതിലൂടെ വായനയോടുള്ള താൽപര്യം വർദ്ധിപ്പിക്കും.

- **2.11 വായനാക്കുറിപ്പ് പ്രസിദ്ധീകരണം (മാർച്ച്):** വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവരങ്ങൾ, വായനയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ലേഖനങ്ങൾ, വിവിധ പുസ്തകങ്ങളുടെ പരിചയം എന്നിവ ഉൾപ്പെടുത്തി ഒരു വായനാക്കുറിപ്പ് പ്രസിദ്ധീകരിക്കും.

## ഘട്ടം 3 സാഹിത്യ പ്രതിഭകളെ അടുത്തറിയാൻ

മലയാള സാഹിത്യലോകത്തെ പ്രമുഖ സാഹിത്യകാരന്മാരെയും കവികളെയും കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനായി ചില പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു

- **3.1 കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം (ജൂൺ):** പ്രശസ്ത മലയാള കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ സ്കൂളിൽ പ്രദർശിപ്പിക്കും. ഇതിനോടൊപ്പം കവികളുടെ കവിതകളുടെ ച recitation ചടങ്ങും സംഘടിപ്പിക്കാവുന്ന

- **3.2 പുസ്തക ശേഖരണവും പ്രദർശനവും (ജൂൺ - ഡിസംബർ):** മലയാളത്തിലെ പ്രശസ്തമായ പുസ്തകങ്ങളുടെ ഒരു ശേഖരം സ്കൂളിൽ ഒരുക്കുകയും അവയെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഒരു പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യും. (അധ്യാപകർ)
- **3.3 ചിത്ര ഗ്യാലറി (ജനുവരി):** മലയാള സാഹിത്യത്തിലെ പ്രമുഖ സാഹിത്യകാരന്മാരെയും കവികളെയും കുറിച്ചുള്ള ചിത്രങ്ങളുടെ ഒരു ഗ്യാലറി സ്കൂളിൽ സ്ഥാപിക്കും. (അധ്യാപകർ, മദർ PTA, കുട്ടികൾ)

## ഘട്ടം 4 മറ്റ് സാധ്യതകൾ

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും വായനയിലേക്ക് ആകർഷിക്കുന്നതിനുള്ള പരിപാടികൾ ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- **4.1 പൊതുസമൂഹവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം (നവംബർ):** പൊതുജനങ്ങളിൽ നിന്ന് പുസ്തകങ്ങൾ സംഭാവനയായി സ്വീകരിച്ച് ഒരു പൊതു ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും. (അധ്യാപകർ)
- **4.2 വായന കളരി (എല്ലാ ആഴ്ചയിലും):** ഓരോ ആഴ്ചയിലും സ്കൂൾ ലൈബ്രറിയിൽ വായനാ കളരി സംഘടിപ്പിക്കും. ഇതിൽ വായനയിൽ താല്പര്യമുള്ളവർക്ക് പങ്കെടുക്കാൻ അവസരം നൽകും. (അധ്യാപകർ, സ്കൂൾ ലൈബ്രറി)
- **4.3 കഥാമൃതം** - നാട്ടുകഥകളുടെ ലോകത്തേക്ക്: അധ്യാപകർ തന്നെ കഥ പറയുന്ന മുത്തശ്ശനും മുത്തശ്ശിയുമായി വേഷമിട്ട് കുട്ടികൾക്കായി നാട്ടുകഥകൾ പറഞ്ഞു കൊടുക്കുന്നു
- **4.9 പച്ചിലത്തുമ്പികൾ - "ശാസ്ത്ര കൗതുകം" :** പരിസര പഠനം ഒന്നാം പാഠഭാഗവുമായി ബന്ധപ്പെട്ട് സസ്യങ്ങളെ അറിയാനും തിരിച്ചറിയാനും. പടന്നക്കാട് കാർഷിക ഗവേഷണ കോളേജ് സന്ദർശിച്ച് വ്യത്യസ്ത പ്രവർത്തനങ്ങൾ ഏർപ്പെടുന്നു

# English - PEARL: Participate, Explore, Act, Reflect and Learn

**Objectives:**

1. Address and solve the use of students regarding language (reading, writing, speaking, etc.)
2. Make the students independent readers.
3. Improve the pronunciation of children.
4. Identify important literary personalities, such as writers in English.
5. Enhance independent reading.

**Monthly Objectives and Activities**

June:
- Objective: Establish phonics foundation and simple reading skills.
- Activities: Phonics scavenger hunt, group phonics games.

July:
- Objective: Expand vocabulary and introduce basic writing.
- Activities: Vocabulary treasure hunts, group story creation.

August:
- Objective: Improve speaking skills and pronunciation.
- Activities: Partner pronunciation drills, role-playing conversations.

September:
- Objective: Encourage independent reading and comprehension.
- Activities: Personal book lists, group discussions.

October:
- Objective: Develop narrative and descriptive writing skills.
- Activities: Group story maps, sensory description stations.

November:
- Objective: Introduce literary personalities and their works.
- Activities: Group research projects, book clubs.

December:
- Objective: Review and assess progress.
- Activities: Group review games, reflective assessments.

January:
- Objective: Enhance advanced reading skills and fluency.
- Activities: Literature circles, reader's theater.

February:
- Objective: Undertake advanced writing projects.
- Activities: Group writing workshops, poetry cafes.

March:
- Objective: Achieve mastery and celebrate learning.
- Activities: Capstone projects, award ceremonies.

Additional Tips and Tools

1. Collaborative Tools: Use collaborative tools like Google Docs for group writing projects and digital platforms for sharing ideas.
2. Interactive Learning: Incorporate interactive digital tools for phonics and reading comprehension.
3. Parental Involvement: Engage parents through regular updates and involve them in reading activities at home.
4. Regular Reflection: Encourage regular reflection and self-assessment to help students track their progress.
5. Engagement Activities: Use games, storytelling, and creative projects to keep students engaged and motivated.

This constructivist approach will help students build their knowledge actively and collaboratively, fostering a deeper understanding and love for learning.

**Breakdown by Terms**
Term 1: June - August 2025
Focus: Foundation Building, Phonics, Basic Reading and Writing Skills

1. June: Phonics and Basic Reading Skills
   - Weeks 1-2: Collaborative Phonics Exploration
     - Activities: Phonics scavenger hunt, peer teaching of letter sounds, group phonics games.

- Weeks 3-4: Interactive Reading Activities
  - Activities: Group read-alouds with roles, creating phonics-based storybooks in groups, shared reading experiences.

2. July: Building Vocabulary and Simple Writing
   - Weeks 1-2: Vocabulary Building Through Discovery
     - Activities: Vocabulary treasure hunts, collaborative vocabulary charts, storytelling using new words.
   - Weeks 3-4: Writing Simple Sentences Together
     - Activities: Group story creation, sentence construction games, peer feedback on writing.

3. August: Enhancing Speaking Skills and Pronunciation
   - Weeks 1-2: Pronunciation Practice in Pairs
     - Activities: Partner pronunciation drills, phonics-based tongue twister challenges, interactive pronunciation apps.
   - Weeks 3-4: Speaking Exercises with Real-Life Context
     - Activities: Show and tell sessions, role-playing daily conversations, storytelling circles.

Term 2: September - December 2025
Focus: Independent Reading, Comprehensive Writing, Introduction to Literary Personalities

1. September: Independent Reading and Comprehension
   - Weeks 1-2: Encouraging Independent Reading through Choice
     - Activities: Creating personal book lists, reading circles, book recommendation presentations.
   - Weeks 3-4: Collaborative Reading Comprehension
     - Activities: Group discussions, jigsaw reading activities, summarizing in pairs.

2. October: Writing Narratives and Descriptive Writing
   - Weeks 1-2: Writing Short Stories Collaboratively
     - Activities: Group story maps, peer editing, storytelling through illustrations.
   - Weeks 3-4: Descriptive Writing Through Sensory Exploration
     - Activities: Sensory description stations, describing classroom objects collaboratively, using mind maps for descriptions.

3. November: Introduction to Literary Personalities
   - Weeks 1-2: Learning About Famous Writers Through Projects
     - Activities: Group research projects on authors, creating posters, presenting findings.
   - Weeks 3-4: Exploring Authors' Works Together
     - Activities: Reading and discussing stories in groups, creating dramatizations of favorite stories, book clubs.

4. December: Review and Assessment Through Reflection
   - Weeks 1-2: Reflecting on Key Concepts
     - Activities: Group review games, peer teaching, collaborative practice exercises.
   - Weeks 3-4: Reflective Assessments
     - Activities: Self-assessments, group discussions on progress, individual reading assessments with peer feedback.

Term 3: January - March 2025
Focus: Advanced Reading and Writing, Deepening Literary Knowledge, Continuous Improvement

1. January: Advanced Reading Skills and Fluency
   - Weeks 1-2: Reading More Complex Texts with Support
     - Activities: Guided reading sessions, literature circles, peer-assisted reading.
   - Weeks 3-4: Fluency Practice Through Performance
     - Activities: Reader's theater, paired reading fluency challenges, reading aloud to younger students.

2. February: Advanced Writing Projects
   - Weeks 1-2: Writing Longer Pieces Collaboratively
     - Activities: Group writing workshops, peer editing sessions, publishing a class anthology.
   - Weeks 3-4: Creative Writing Through Exploration
     - Activities: Poetry cafes, story prompts with group brainstorming, writing contests with peer judging.

3. March: Mastery and Celebration of Learning
   - Weeks 1-2: Mastery of Key Skills Through Capstone Projects
     - Activities: Capstone projects with peer reviews, presentations to class, creating a class book.
   - Weeks 3-4: Celebrating Achievements and Reflecting on Growth
     - Activities: Reading celebrations, award ceremonies, creating a class reflection book.

# ഗണിതം മധുരം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. സർഗാത്മക പ്രവർത്തന ങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് യുക്തിചിന്ത, കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. അമൂർത്തമായ വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകമാണ്. ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാ പരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃ ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത യോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജൂൺ - ജൂലായ്**

**യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം**

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4) വെജിറ്റബിൾ പ്രിന്റിംഗ് ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

ജൂലായ്, ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്. 1 മുതൽ 100 വരെ എഴുതിയ ടോക്കൺ കളിനോട്ടുകൾ ഓരോ നോട്ടുകളും 10 എണ്ണം വീതം കമ്പ് കെട്ടുകൾ സംഖ്യാ സ്ട്രിപ്പുകൾ അബാക്കസ് നിർമ്മാണം.

ആഗസ്റ്റ്, സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

ഒക്ടോബർ

സ്കെയിൽ നിർമ്മാണം കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്

നവംബർ, ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം

# ശാസ്ത്ര കൗതുകം: അക്കാദമിക് മാസ്റ്റർ പ്ലാൻ

**ജൂൺ മാസം: സന്നദ്ധ പ്രവർത്തനങ്ങൾ**

1. പരിസര നടത്തം
  - പദ്ധതിയുടെ ലക്ഷ്യം: പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് പഠിപ്പിക്കുക.
  - പ്രവർത്തനങ്ങൾ:
    - സ്കൂൾ പരിസരത്തിലും സമീപ പ്രദേശങ്ങളിലും നടത്തം.
    - പരിസ്ഥിതിയുടെയും ജൈവവൈവിധ്യത്തെക്കുറിച്ച് ചർച്ചകൾ.
    - ഉപകരണങ്ങൾ: പരിസ്ഥിതി ക്ലബ്ബുകൾ, കുട്ടികളിൽ നിന്ന് ലഭിച്ച കരട് നോട്ടുകൾ.

2. ഒരു ശാസ്ത്ര റിസോഴ്സ് പേഴ്സണൊപ്പം അടുത്തുള്ള ഒരു വനം സന്ദർശിക്കൽ
  - പദ്ധതിയുടെ ലക്ഷ്യം: കുട്ടികളെ പ്രകൃതിയുമായി സമ്പർക്കത്തിൽ കൊണ്ടുവരികയും, വൃക്ഷലോകത്തെ വൈവിധ്യങ്ങൾ അറിയിക്കുക.
  - പ്രവർത്തനങ്ങൾ:
    - ഒരു പ്രാദേശിക വനം സന്ദർശിച്ച് അവിടത്തെ വന്യജീവി, സസ്യങ്ങൾ എന്നിവയെ കുറിച്ചുള്ള പഠനം.
    - ശാസ്ത്രജ്ഞന്റെ പ്രഭാഷണവും ചോദ്യോത്തരവും.
    - ഉപകരണങ്ങൾ: പഠന പുസ്തകങ്ങൾ, മാഗ്നിഫയിങ് ലെൻസ് , രേഖപ്പെടുത്താനുള്ള നോട്ട്ബുക്കുകൾ.

3. മഴവെള്ള സംഭരണി നിർമ്മാണം ഉപയോഗം
  - പദ്ധതിയുടെ ലക്ഷ്യം: ജലസംരക്ഷണത്തിന്റെ പ്രാധാന്യം പഠിപ്പിക്കുക.
  - പ്രവർത്തനങ്ങൾ:
    - മഴവെള്ള സംഭരണി നിർമ്മാണത്തിന് കുറിച്ചുള്ള പ്രായോഗിക പരിശീലനം.
    - സ്കൂൾ കാമ്പസിൽ ചെറിയ മഴവെള്ള സംഭരണി നിർമ്മാണം.
    - ഉപകരണങ്ങൾ: നിർമ്മാണ സാമഗ്രികൾ, ജലസംരക്ഷണ ഉപകരണങ്ങൾ, രേഖപ്പെടുത്താനുള്ള ഉപകരണങ്ങൾ.

ജൂലൈ മാസം: "ജന്തു ലോക വിസ്മയം" പ്രദർശനം

- പദ്ധതിയുടെ ലക്ഷ്യം: കുട്ടികളെ വിവിധ ജന്തുക്കളുടെ ലോകത്തേക്ക് പരിചയപ്പെടുത്തുക.
- പ്രവർത്തനങ്ങൾ:
  - സ്കൂൾ ഗ്രൗണ്ടിൽ ജന്തു പ്രദർശനം സംഘടിപ്പിക്കുക.
  - പ്രാദേശിക വന്യജീവി സങ്കേതങ്ങളുമായി സഹകരിച്ച് ജീവജാലങ്ങളുടെ മാതൃകകൾ, ചിത്രങ്ങൾ, ലഘു സിനിമകൾ എന്നിവ പ്രദർശിപ്പിക്കുക.
  - ഉപകരണങ്ങൾ: പ്രദർശന സജ്ജീകരണങ്ങൾ, ജന്തു മാതൃകകൾ, പ്രദർശന ബോർഡുകൾ, വീഡിയോ പ്രൊജക്ടർ.

ജൂൺ മാസം: ചിത്രശലഭോദ്യാനം നിർമ്മാണം

- പദ്ധതിയുടെ ലക്ഷ്യം: ചിത്രശലഭങ്ങളുടെ ജീവിത ചക്രം പഠിക്കുക.
- പ്രവർത്തനങ്ങൾ:
  - സ്കൂൾ മൈതാനിയിൽ ചിത്രശലഭോദ്യാനം സ്ഥാപിക്കൽ.
  - ചിത്രശലഭങ്ങൾ ആകർഷിക്കുന്ന സസ്യങ്ങൾ നടുക.
  - ഉപകരണങ്ങൾ: മണ്ണ്, ചിത്രശലഭക്കുഞ്ഞുങ്ങൾ, ചിത്രശലഭങ്ങളുടെ സുരക്ഷാ ഉപകരണങ്ങൾ, സംരക്ഷണ പേടികൾ.

ഓഗസ്റ്റ് മാസം: കളിമൺ പാത്ര / ശില്പ രൂപ നിർമ്മാണശാല സന്ദർശനം

- പദ്ധതിയുടെ ലക്ഷ്യം: ശാസ്ത്ര, കല, പരിസ്ഥിതി എന്നിവയുടെ കൂട്ടായ്മയെക്കുറിച്ച് പഠിക്കുക.
- പ്രവർത്തനങ്ങൾ:
  - പ്രാദേശികമായി പ്രവർത്തിക്കുന്ന കളിമൺ ശില്പ നിർമ്മാണശാല സന്ദർശിക്കുക.
  - ശാസ്ത്ര-കല സംയോജന സെഷനുകൾ
  - ഉപകരണങ്ങൾ: ക്ലേ, ടെക്സ്ചർ ടൂൾസ്, നിർമ്മാണ സഹകരണ ഉപകരണങ്ങൾ.

സംഗ്രഹം-
ഈ പ്രോഗ്രാമിന്റെ മുഖ്യ ലക്ഷ്യം കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തുകയും, അവർക്ക് പ്രകൃതി, പരിസ്ഥിതി സംരക്ഷണം, ജീവജാലങ്ങൾ, കല തുടങ്ങിയവയോട് കൂടുതൽ അടുപ്പം കണ്ടെത്താനും സഹായിക്കുക എന്നതാണ്.

# ഐറ ടീച്ചർ (AI Teacher) - പ്രവർത്തനങ്ങളും വിഷയങ്ങളെ ഏകീകരിക്കുന്ന രീതിയും:

2025-26 അധ്യയന വർഷത്തിൽ "ഐറ ടീച്ചർ" എന്ന AI അധ്യാപകനെ പഠനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നത് ഈ പദ്ധതിയുടെ ഒരു പ്രധാന സവിശേഷതയാണ്. ജൂൺ 2, 2025 മുതൽ ഐറ ടീച്ചറുടെ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് പദ്ധതിയിടുന്നത്. സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി, ഓരോ കുട്ടിക്കും അവരുടെ താൽപ്പര്യങ്ങൾക്കും പഠന നിലവാരത്തിനും അനുസരിച്ചുള്ള വ്യക്തിഗത പഠനാനുഭവങ്ങൾ നൽകാനും, ഭാവി ലോകത്തിനായി അവരെ സജ്ജരാക്കാനും ഐറ ടീച്ചർ സഹായിക്കും. ഐറ ടീച്ചറുടെ സഹായത്തോടെ കുട്ടികൾക്ക് കൂടുതൽ സംവേദനാത്മകമായ പഠന രീതികളും പുതിയ ആശയങ്ങളും പരിചയപ്പെടാൻ സാധിക്കും.

ഐറ ടീച്ചർക്ക് എല്ലാ വിഷയങ്ങളെയും സമന്വയിപ്പിച്ച് രസകരമായ പഠനാനുഭവങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. ഓരോ വിഷയത്തിലും ഐറ ടീച്ചർക്ക് എങ്ങനെ ഇടപെടാമെന്ന് താഴെക്കൊടുക്കുന്നു:

**1. വൈജ്ഞാനിക വിഷയങ്ങൾ (അറിവ്, ബുദ്ധിപരമായ കഴിവുകൾ):**

- **മലയാളം :**
  - **വ്യക്തിഗത പഠനം:** ഐറ ടീച്ചർക്ക് ഓരോ കുട്ടിയുടെയും വായനയുടെയും എഴുത്തിന്റെയും നിലവാരം വിലയിരുത്തി, അവർക്ക് അനുയോജ്യമായ കഥകളും കവിതകളും വ്യാകരണ പാഠങ്ങളും നൽകാം. ഉദാഹരണത്തിന്, ഒരു കുട്ടിക്ക് വായനയിൽ വേഗത കുറവാണെങ്കിൽ, ഐറ ടീച്ചർക്ക് കൂടുതൽ ലളിതമായ വാക്കുകളുള്ള കഥകൾ ശുപാർശ ചെയ്യാനും, ഉച്ചാരണത്തെ സഹായിക്കാൻ ഓഡിയോ രൂപത്തിൽ വായിച്ച് കേൾപ്പിക്കാനും സാധിക്കും.
  - **സംവേദനാത്മക പ്രവർത്തനങ്ങൾ:** വായനാനുഭവങ്ങൾ പങ്കുവെക്കുന്നതിനായി ഐറ ടീച്ചർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഒരുക്കാം. കുട്ടികൾക്ക് അവർ വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, ചിത്രങ്ങൾ, ചെറിയ വീഡിയോകൾ എന്നിവ പങ്കിടാൻ സാധിക്കും.
  - **ഭാഷാ ഗെയിമുകൾ:** മലയാളത്തിലെ അക്ഷരങ്ങൾ, വാക്കുകൾ, പഴഞ്ചൊല്ലുകൾ എന്നിവയുമായി ബന്ധപ്പെട്ട് രസകരമായ AI ഗെയിമുകൾ ഐറ ടീച്ചർക്ക് അവതരിപ്പിക്കാം.
  - **ശബ്ദരേഖാ ലൈബ്രറി:** പ്രശസ്ത സാഹിത്യകാരന്മാരുടെ കവിതകളും കഥകളും ഐറ ടീച്ചറുടെ ശബ്ദത്തിൽ ലഭ്യമാക്കാം. അല്ലെങ്കിൽ പ്രൊഫഷണൽ ശബ്ദത്തിൽ റെക്കോർഡ് ചെയ്തവ ഉപയോഗിച്ച് കുട്ടികൾക്ക് കേട്ട് പഠിക്കാൻ അവസരം നൽകാം.
  - **രചനാ സഹായി:** കഥ, കവിത, ലേഖനം എന്നിവ എഴുതുന്നതിൽ ഐറ ടീച്ചർക്ക് കുട്ടികളെ സഹായിക്കാം. ആശയങ്ങൾ നൽകാനും, വ്യാകരണ തെറ്റുകൾ തിരുത്താനും, വാക്കുകൾ തിരഞ്ഞെടുക്കുന്നതിൽ മാർഗ്ഗനിർദ്ദേശം നൽകാനും AI യ്ക്ക് സാധിക്കും.

- **ഗണിതം :**

  - **പ്രശ്നപരിഹാര ഗെയിമുകൾ:** ഗണിത ആശയങ്ങൾ ഉൾക്കൊള്ളുന്ന രസകരമായ ഓൺലൈൻ ഗെയിമുകൾ ഐറ ടീച്ചർക്ക് അവതരിപ്പിക്കാം. ഇത് സംഖ്യകൾ, അളവുകൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കാൻ സഹായിക്കും.
  - **വ്യക്തിഗത പഠനം:** ഓരോ കുട്ടിയുടെയും ഗണിതപരമായ കഴിവുകൾ വിലയിരുത്തി, അവർക്ക് കൂടുതൽ ശ്രദ്ധ ആവശ്യമുള്ള മേഖലകളിൽ ഐറ ടീച്ചർക്ക് പ്രത്യേക പരിശീലനം നൽകാം. ഉദാഹരണത്തിന്, സങ്കലനത്തിൽ ബുദ്ധിമുട്ടുള്ള കുട്ടിക്ക് കൂടുതൽ പരിശീലന ചോദ്യങ്ങളും, ലളിതമായ വിശദീകരണങ്ങളും നൽകാം.
  - **ഗണിത ലാബ് സിമുലേഷൻ:** കണക്കുപെട്ടി, സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് എന്നിവയുടെ ഡിജിറ്റൽ രൂപങ്ങൾ ഉപയോഗിച്ച് ഐറ ടീച്ചർക്ക് കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകാം.
  - **പ്രോജക്ട് അധിഷ്ഠിത പഠനം:** ഗണിത ആശയങ്ങൾ ഉപയോഗിച്ച് പ്രോജക്ടുകൾ നിർമ്മിക്കുന്നതിൽ ഐറ ടീച്ചർക്ക് കുട്ടികളെ സഹായിക്കാം. ഉദാഹരണത്തിന്, ഒരു സാമ്പത്തിക ബജറ്റ് തയ്യാറാക്കാൻ സഹായിക്കുകയോ, ഒരു കെട്ടിടത്തിന്റെ മോഡൽ ഉണ്ടാക്കാൻ സഹായിക്കുകയോ ചെയ്യാം.

- **പരിസരപഠനം :**
  - **വെർച്വൽ പര്യടനങ്ങൾ:** ഐറ ടീച്ചർക്ക് കുട്ടികളെ വനങ്ങളിലേക്കും മൃഗശാലകളിലേക്കും ശാസ്ത്ര മ്യൂസിയങ്ങളിലേക്കും വെർച്വൽ പര്യടനങ്ങൾ കൊണ്ടുപോകാം. ഇത് ജന്തു ലോകത്തെക്കുറിച്ചും സസ്യങ്ങളെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും പഠിക്കാൻ സഹായിക്കും.
  - **പരീക്ഷണ സിമുലേഷൻ:** അപകടകരമായ പരീക്ഷണങ്ങൾ ഐറ ടീച്ചറുടെ സഹായത്തോടെ വെർച്വലായി ചെയ്ത് പഠിക്കാം. ഇത് ശാസ്ത്രീയ തത്വങ്ങൾ മനസ്സിലാക്കാൻ സഹായിക്കും.
  - **ചോദ്യോത്തര സെഷനുകൾ:** ഐറ ടീച്ചർക്ക് ശാസ്ത്രജ്ഞരെക്കുറിച്ചും കണ്ടുപിടുത്തങ്ങളെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും, കുട്ടികളിൽ കൂടുതൽ ജിജ്ഞാസ വളർത്താനും സാധിക്കും.
  - **പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ:** മഴവെള്ള സംഭരണിയുടെ പ്രാധാന്യം, മാലിന്യ സംസ്കരണം എന്നിവയെക്കുറിച്ച് ഐറ ടീച്ചർക്ക് ഡിജിറ്റൽ മാതൃകകളിലൂടെയും വീഡിയോകളിലൂടെയും പഠിപ്പിക്കാം.

- **ഇംഗ്ലീഷ് :**
  - **ഉച്ചാരണ പരിശീലനം:** ഐറ ടീച്ചർക്ക് കുട്ടികളുടെ ഉച്ചാരണം മെച്ചപ്പെടുത്തുന്നതിനായി ഇന്ററാക്ടീവ് ആപ്പുകളും ഗെയിമുകളും ഉപയോഗിക്കാം.
  - **പദസമ്പത്ത് വർദ്ധിപ്പിക്കൽ:** പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ചിത്രങ്ങളോടുകൂടിയ വാക്കുകൾ, വാക്കുകൾ കൊണ്ടുള്ള കളികൾ എന്നിവ ഐറ ടീച്ചർക്ക് അവതരിപ്പിക്കാം.
  - **സംഭാഷണ പരിശീലനം:** റോൾ പ്ലേയിംഗ്, സംഭാഷണ ഗെയിമുകൾ എന്നിവയിലൂടെ ഐറ ടീച്ചർക്ക് കുട്ടികളുടെ സംഭാഷണ കഴിവുകൾ മെച്ചപ്പെടുത്താൻ സാധിക്കും.

- **വായനാ സഹായി:** ഓരോ കുട്ടിയുടെയും വായനാ നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷ് കഥകളും ലേഖനങ്ങളും ഐറ ടീച്ചർക്ക് ശുപാർശ ചെയ്യാം.
- **രചനാ സഹായം:** ഇംഗ്ലീഷിൽ കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ എഴുതുന്നതിൽ ഐറ ടീച്ചർക്ക് കുട്ടികളെ സഹായിക്കാൻ സാധിക്കും.

**2. ശാരീരിക ചാലകം (Physical Motor Skills):**

- **ആരോഗ്യ വിദ്യാഭ്യാസ ഗെയിമുകൾ:** ആരോഗ്യകരമായ ശീലങ്ങൾ, വ്യായാമം, ശുചിത്വം എന്നിവയെക്കുറിച്ച് ഐറ ടീച്ചർക്ക് ഇന്ററാക്ടീവ് ഗെയിമുകളും ആനിമേഷൻ വീഡിയോകളും ഉപയോഗിച്ച് പഠിപ്പിക്കാം.
- **ഡിജിറ്റൽ കായിക പ്രവർത്തനങ്ങൾ:** യോഗ, ലളിതമായ വ്യായാമങ്ങൾ എന്നിവ ഐറ ടീച്ചറുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അനുകരിച്ച് പഠിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാം.

**3. വൈകാരികം (Emotional Skills):**

- **സന്തോഷകരമായ പഠനാന്തരീക്ഷം:** ഐറ ടീച്ചറുടെ സാന്നിധ്യം പഠനത്തെ കൂടുതൽ ആകർഷകമാക്കുകയും കുട്ടികളിൽ പഠനത്തോടുള്ള മടുപ്പ് കുറയ്ക്കുകയും ചെയ്യും.
- **ആത്മവിശ്വാസം വളർത്തൽ:** വ്യക്തിഗത ശ്രദ്ധ നൽകുന്നതിലൂടെയും തെറ്റുകൾ തിരുത്തുന്നതിന് സഹായിക്കുന്നതിലൂടെയും ഐറ ടീച്ചർക്ക് കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സാധിക്കും.
- **സോഷ്യൽ സ്കിൽസ്:** ടീം വർക്കുകൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവയിൽ ഐറ ടീച്ചർക്ക് കുട്ടികളെ സഹായിക്കാൻ സാധിക്കും, ഇത് അവരുടെ സാമൂഹിക ഇടപെടൽ കഴിവുകൾ മെച്ചപ്പെടുത്തും.

**4. സർഗ്ഗാത്മകം (Creative Skills):**

- **കലാപ്രവർത്തനങ്ങൾ:** ചിത്രരചന, ശിൽപ നിർമ്മാണം, സംഗീതം എന്നിവയിൽ ഐറ ടീച്ചർക്ക് കുട്ടികൾക്ക് ആശയങ്ങൾ നൽകാനും, സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയ രൂപങ്ങൾ ഉണ്ടാക്കുന്നതിന് സഹായിക്കാനും സാധിക്കും.
- **കഥാരചനയും കവിതാരചനയും:** ഐറ ടീച്ചർക്ക് കുട്ടികൾക്ക് കഥകൾ മെച്ചപ്പെടുത്താൻ ആശയങ്ങൾ നൽകാനും, കഥാപാത്രങ്ങളെയും പശ്ചാത്തലങ്ങളെയും കുറിച്ച് വിവരിക്കാൻ സഹായിക്കാനും, കവിതകൾ എഴുതുന്നതിന് പ്രചോദനം നൽകാനും കഴിയും.
- **പ്രോജക്ട് നിർമ്മാണം:** വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർമ്മിക്കുന്നതിൽ ഐറ ടീച്ചർക്ക് കുട്ടികളെ സഹായിക്കാം. ഉദാഹരണത്തിന്, ഒരു പരിസ്ഥിതി പ്രോജക്ട്, ഒരു ശാസ്ത്ര മോഡൽ, ഒരു ലഘുനാടകം എന്നിവ.

**5. ഉൾച്ചേർക്കൽ വിദ്യാഭ്യാസം (Inclusive Education):**

# മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം..** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **ആചരിച്ചറിയാം..** | | | | |
| നമ്മുടെ പ്രാചീന നാടൻ കലകൾ പരിചയപ്പെടൽ | കയ്യെഴുത്ത് - നാടൻ കലകൾ ഉൾപ്പെടുത്തിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അറിഞ്ഞിരിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ അനുസ്മരിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് മത്സര പ്രദർശനം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - പരിചയപ്പെടൽ | പ്രശസ്തരായ കലാകാരന്മാരുടെ സന്ദർശനം ക്ലാസ് മുറിയിലേക്ക് കലാവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചിത്രങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ<br><br>വായനാവേള ഒരുക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | [illegible] | [illegible] |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| **കളിക്കാം ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം (എണ്ണിയും പാടിയും , ഡയസ് കളി സങ്കലനം- വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ ഉചിതമായ സമയത്ത് . | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താത്പര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മേഖലകൾ<br>പ്രദർശനങ്ങൾ<br>ഫോസിലുകൾ അക്വാറി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമാന്ത്രികം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം കളും ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ | സെമിനാർ, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപക | വർഷത്തിലൊ | HM<br>SRG | PTA |

# ഭൗതീകം

**മേഖലകൾ**

1. ആരോഗ്യം,പോഷകാഹാരം,കൃഷി
2. കായിക വിദ്യാഭ്യാസം
3. സ്കൂൾ ആകർഷകത്വം

**ലക്ഷ്യം**

- ആരോഗ്യ പരിരക്ഷ എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുക.
- ആരോഗ്യ ശീലങ്ങൾ പരിപാലിക്കൽ തന്റെ കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയങ്ങളിൽ നിന്നും സ്വാംശീകരിക്കാനുള്ള അവസരം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.
- എല്ലാ കുട്ടികൾക്കും എല്ലാ രക്ഷിതാക്കൾക്കും കാർഷിക സംസ്കാരം ഉൾക്കൊണ്ടുകൊണ്ട് സാധ്യമായ രീതിയിൽ പ്രവർത്തിക്കാനുള്ളഅവസരം ഒരുക്കുക.(ജൈവപച്ചക്കറി,കൃഷി വീട്ടിലും വിദ്യാലയങ്ങളിലും)
- വിദ്യാർത്ഥികളുടെ ജ്ഞാനതലം സമ്പന്നമാക്കുന്നതിന് കൃഷിയെ പഠനവുമായി ബന്ധിപ്പിക്കുന്നു.
- ആരോഗ്യ പരിരക്ഷ,മാനസിക കായിക ആരോഗ്യ പരിശീലനം എന്നിവയ്ക്ക് അവസരം ഒരുക്കൽ.
- കായിക മത്സരങ്ങൾക്ക് കുട്ടികളെ തയ്യാറാക്കൽ.
- പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കുക.
- മികവുറ്റ പഠനം ഉറപ്പാക്കുന്നതിനുള്ള ഭൗതീക സാഹചര്യം ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും വായനാശീലമുള്ളവരായിത്തീർക്കുക.
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ അവസരം സൃഷ്ടിക്കുക.
- വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തുന്നു.

# സാമൂഹികം

## മേഖലകൾ

1. സി.പി.ടി.എ
2. പൂർവ്വ വിദ്യാർത്ഥി സംഘം
3. ലൈബ്രറി വികസനം
4. വ്യക്തിത്വ വികാസം

## ലക്ഷ്യങ്ങൾ

- മികവുറ്റ പഠനം ലക്ഷ്യമാക്കുന്നതിന് സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുക.
- രക്ഷിതാക്കളും സ്കൂളുമായുള്ള ബന്ധം മെച്ചപ്പെടുത്തുക.
- പൊതുസമൂഹത്തിന്റെ സഹകരണത്തോടെയും, സഹായത്തോടെയും വിദ്യാലയ വികസനം നടപ്പിലാക്കുക.
- പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആധുനിക സാങ്കേതിക വിദ്യയിൽ പിന്നിലാവില്ല എന്ന് ഉറപ്പു വരുത്തുക.
- ഐ.ടി സാങ്കേതിക വിദ്യ, നവമാധ്യമങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പൊതുവിദ്യാലയം മികവുറ്റതാക്കുക
- എല്ലാ കുട്ടികളെയും വായനാശീലമുള്ളവരായിത്തീർക്കുക.
- മികവുറ്റ പഠനം ഉറപ്പാക്കുന്നതിനായി എല്ലാ വിഷയങ്ങളിലും എല്ലാ ക്ലാസ്സുകളിലും കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തി അധ്യാപനരീതി നടപ്പിലാക്കുക.
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ അവസരം സൃഷ്ടിക്കുക.

- വായനാപരമായ കഴിവ് വളർത്തുക.
- സമൂഹപങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.
- മൂന്നു ഭാഷകളിലും എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെയും, ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പൊതുധാരയിൽ എത്തിക്കുക.
- പഠനത്തിൽ മികവ് കാട്ടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ.
- പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ സാങ്കേതിക വിദ്യയിൽ പിന്നിലാവില്ല എന്ന് ഉറപ്പ് വരുത്തുക.
- ഐ.ടി സാങ്കേതിക വിദ്യ, നവമാധ്യമങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പൊതുവിദ്യാലയം മികവുറ്റതാക്കുക.
- മികവുറ്റ പഠനം ഉറപ്പാക്കുന്നതിനായി എല്ലാ വിഷയങ്ങളിലും എല്ലാ ക്ലാസ്സുകളിലും കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തിയുള്ള അധ്യാപക രീതി നടപ്പിലാക്കുക.
- കുട്ടികളുടെ സമഗ്രമാനസിക ആരോഗ്യവികസനം
- കുട്ടികളുടെ വ്യക്തിത്വ വികസനം.
- മികവുറ്റ പഠനം ലഭ്യമാക്കുന്നതിന് സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുക.
- രക്ഷിതാക്കളും സ്കൂളുമായുള്ള ബന്ധം മെച്ചപ്പെടുത്തുക.
- പൊതു സമൂഹത്തിന്റെ സഹകരണത്തോടെയും,സഹായത്തോടെയും വിദ്യാലയ വികസനം നടപ്പിലാക്കുക.
- ഓരോ കുട്ടിയിലും തൊഴിൽ സന്നദ്ധ മനോഭാവം വളർത്തിയെടുക്കുക.
- കുട്ടികളുടെ കഴിവുകളും, ശേഷികളും സമൂഹ നിർമ്മിതിക്കായി ഉപയോഗപ്പെടുത്തുക.

- വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തുക.
- രചനാപരമായ കഴിവ് വളർത്തുക.
- സാമൂഹപങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.
- കുട്ടികളുടെ സമഗ്ര മാനസിക ആരോഗ്യ വികസനം.
- കുട്ടികളുടെ വ്യക്തിത്വ വികസനം.
- ആത്മവിശ്വാസം വളർത്തുക.

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1 | ഓരോ മാസത്തിലും ക്ലാസ് പി.ടി.എ | | | |
| 2 | പഠന പുരോഗതി രേഖ വിലയിരുത്തൽ | | | |
| 3 | വിദ്യാലയത്തിലെ ഓരോ പരിപാടിക്കും രക്ഷിതാക്കളുടെ സാന്നിധ്യം ഉറപ്പു വരുത്തൽ | 1 വർഷം | 10,000/- | രക്ഷിതാക്കൾ എസ്.എസ്.ജി പി.ടി.എ |
| 4 | കുട്ടികളുടെ കലാകായിക പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം. | | | രക്ഷിതാക്കൾ എസ്.എസ്.ജി പി.ടി.എ |
| 5 | രക്ഷാകർതൃ വിദ്യാഭ്യാസം | | | |
| 6 | സ്കൂൾ പ്രവർത്തനങ്ങൾക്കുള്ള ധനസ്രോതസ്സ് കണ്ടെത്തുന്നു | | | അധ്യാപകർ രക്ഷിതാക്കൾ |
| 7 | വിവിധ മേളകൾക്ക് സഹായവും സഹകരണവും | | | |
| 8 | കുട്ടികളുടെ സമഗ്രവികസനത്തിനായി ശിൽപശാലകൾ. (പ്രസംഗം,തിയേറ്റർ ശില്പശാല,ഗാന ശില്പശാല,നൃത്യ പരിശീലനം,ക്യാമ്പുകൾ) | 1 വർഷം | 50,000/- | പി.ടി.എ എസ്.എസ്.ജി സന്നദ്ധ സംഘടനകൾ |
| 9 | സാമൂഹ്യശാസ്ത്ര,ഗണിത ഐ.ടി. പ്രവൃത്തി പരിചയ ശില്പശാലകൾ | 1 വർഷം | 50,000/- | പി.ടി.എ എസ്.എസ്.ജി സന്നദ്ധ സംഘടനകൾ |
| 10 | വ്യക്തിത്വ വികസന സെമിനാറുകൾ | 1 വർഷം | 30,000/- | പി.ടി.എ എസ്.എസ്.ജി സന്നദ്ധ സംഘടനകൾ |

| | | | | |
|---|---|---|---|---|
| 11 | കൗൺസിലിംഗിന് ഒരു മുറി | 3 വർഷം | 1 ലക്ഷം | പി.ടി.എ<br>എസ്.എസ്.എ<br>സന്നദ്ധ<br>സംഘടനകൾ |
| 12 | കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗ്രൂപ്പ് കൗൺസിലിങ്ങിനും ഒരു കൗൺസിലറുടെ സൗകര്യം ലഭ്യമാക്കൽ | 1 വർഷം | 50,000/- | പി.ടി.എ<br>എസ്.എസ്.എ<br>സന്നദ്ധ<br>സംഘടനകൾ |
| 13 | രക്ഷിതാക്കൾക്ക് കൗൺസിലിംഗ് ക്ലാസ്സുകൾ നടപ്പാക്കൽ | 1 വർഷം | 50,000/- | പി.ടി.എ<br>എസ്.എസ്.എ<br>സന്നദ്ധ<br>സംഘടനകൾ |
| 14 | വിവിധ ക്ലാസ്സുകൾ സംഘടിപ്പിക്കൽ | 1 വർഷം | 40,000/- | അധ്യാപകർ |
| 15 | സഹവാസ ക്യാമ്പുകൾ നടത്തുന്നു. | | 40,000/- | എസ്.എസ്.എ |
| 16 | സ്കൗട്ട്,ഗൈഡ്,ബുൾ ബുൾ,ബണ്ണി യൂണിറ്റുകൾ കൂടുതൽ പ്രവർത്തന സജ്ജമാക്കൽ | 1 വർഷം | 10,000/- | അധ്യാപകർ |
| 17 | ഹൈടെക് ക്ലാസ്സ് മുറികൾ(ഓരോ ക്ലാസിനും മൾട്ടീമീഡിയ സൗകര്യം) | 1 വർഷം | 5 ലക്ഷം | പി.ടി.എ<br>മാനേജ്മെന്റ് |
| 18 | അധ്യാപകർക്ക് പരിശീലനം | 1 വർഷം | | |
| 19 | ഐ.ടി പിരീയഡുകൾ ഉപയോഗപ്പെടുത്തി കുട്ടികൾക്ക് പരിശീലനം | 3 വർഷം | 1 ലക്ഷം | ഗവൺമെന്റ്<br>മുനിസിപ്പാലിറ്റി<br>പൂർവ്വ വിദ്യാർത്ഥി<br>സംഘടന<br>എസ്.എസ്.എ |
| 20 | സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് ഒരു പരിശീലകൻ | 1 വർഷം | 1,00,000/- | എസ്.എസ്.എ |

# ടാലന്റ് ലാബ്

പൊതുവിദ്യാലയങ്ങളെ പ്രാദേശിക സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ നേടാൻ പ്രാപ്തരായ നിലയിൽ സജ്ജമാക്കുന്നതിനുള്ള അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നു. അതോടൊപ്പം തന്നെ കുട്ടികളിലുള്ള കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബുകളും സജ്ജമാക്കേണ്ടതുണ്ട്.

**വിവിധ ടാലന്റുകൾ**

1. പ്രസംഗം (2) രചന (3) പ്രശ്നപരിഹരണം (4) ചിത്രരചന

(5) സംഗീതം (6) നൃത്തം (7) പ്രവൃത്തിപരിചയം (8) അഭിനയം

## ലക്ഷ്യങ്ങൾ

- പഠിതാവിന്റെ നൈസർഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
- വിവിധങ്ങളായ കലകൾ അറിയുന്നതും കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുള്ള അവസരങ്ങളൊരുക്കുക.
- കലകളുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹിക ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്
- കലകളുടെ ഊർജ്ജമുൾക്കൊണ്ട് നവീനങ്ങളായ ചിന്തകളിലേർപ്പെടുന്നതിനും സന്തുലിതമായ സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1 | ക്ലാസ്സടിസ്ഥാനത്തിൽ വിവിധ കഴിവുള്ള കുട്ടികളെ കണ്ടെത്തി ഗ്രൂപ്പുകളാക്കുക | ജൂൺ | | ക്ലാസ്സധ്യാപകർ |
| 2 | ആഴ്ചയിലൊരിക്കൽ ഗ്രൂപ്പുകൾ മീറ്റിംഗ് നടത്തുന്നു. | | | വിഷയാധ്യാപകർ എസ്.എസ്.ജി |
| 3 | സർഗ്ഗാത്മകത പിരീഡുകളിൽ അവതരണം | 6 മാസം | | പി.ടി.എ |
| 4 | സെമിനാറുകൾ | 1 വർഷം | | പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ |
| 5 | ശില്പശാലകൾ സംഘടിപ്പിക്കുന്നു. | 1 വർഷം | 10000 | റിസോഴ്സ് അധ്യാപകർ എസ്.എസ്.ജി |
| 6 | വാർഷികാഘോഷ പരിപാടികളിൽ പ്രകടനങ്ങൾ | മാർച്ച് | 10000 | അധ്യാപകർ പി.ടി.എ |

# ഉപസംഹാരം

കേരളത്തിലെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ട് വയ്ക്കുന്ന **'പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ'** എന്ന ലക്ഷ്യം സാർത്ഥകമാക്കാൻ ഓരോ സ്ഥാപനത്തിനും ഗുണമേന്മയെ ലക്ഷ്യം വയ്ക്കുന്ന സമഗ്രവിദ്യാലയ വികസന രേഖ തയ്യാറാക്കണം. തത്ഫലമായി ഉരിത്തിരിഞ്ഞതാണ് ഈ അക്കാദമിക പ്ലാൻ. ക്ലാസ്സ് മുറികളിൽ പഠനം നടത്തുന്ന മുഴുവൻ കുട്ടികളുടെയും സജീവവും സർഗ്ഗാത്മകവുമായ പങ്കാളിത്തം പഠന പ്രവർത്തനങ്ങളിൽ ഉറപ്പാക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പ്രവർത്തനങ്ങളിലെല്ലാം രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും പിന്തുണ ലഭ്യമാക്കേണ്ടതുണ്ട്. **'വിഷൻ 2030'** 2025-26 വർഷത്തിൽ സെന്റ് ആൻസ് എ.യു.പി. സ്കൂൾ, നീലേശ്വരത്തെ മികച്ച വിദ്യാലയം എന്ന പദവിയിലേക്ക് ഉയർത്താൻ സഹായകരമാകും.